ANUAL SUBSCRIPTION RS. 60/- ONLY
RS. 5/- PER COPY

# യാക്കൂബ്യൻ

2009, MAY

YAKKOOBYAN MONTHLY



# വാർത്തകൾ

## കോർ എപ്പിസ്കോപ്പാ സ്ഥാനം നല്കി



ആർത്താറ്റ് കുന്നംകുളം സെന്റ് മേരീസ് സിറിയൻ സിംഹാസനപ്പള്ളി സീനിയർ വികാരി ഫാ. ഡോ. കെ. മാണി രാജന് മെയ് 24-ാം തീയതി കോറെപ്പിസ്കോപ്പാ സ്ഥാനം നല്കി. സിംഹാസനപ്പള്ളികളുടെ മെത്രാപ്പോലീത്താമാരായ അഭിവന്ദ്യരായ മോർ യൂലിയോസ് കുറിയാക്കോസ്, മോർ അത്താനാസിയോസ് ഗീവർഗീസ്, മോർ ദിവന്നാസിയോസ് ഗീവർഗീസ് എന്നിവർ മുഖ്യ കാർമ്മികത്വം വഹിച്ചു. ബഹു. മാണിരാജൻ അച്ചൻ M.Sc., B.Ed. ബിരുദങ്ങളും രസതന്ത്രബോധനരീതിയിൽ Ph. D. യും കരസ്ഥമാക്കിയിട്ടുണ്ട്. വൈദികശുശ്രൂഷയോടൊപ്പം മാന്നാനം സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജിൽ അദ്ധ്യാപകനായും ജോലി ചെയ്യുന്നു. കുന്നംകുളംപള്ളി കൂടാതെ മലങ്കരയിലും പുറത്തുമായി പല ദേവാലയങ്ങളിലും ശുശ്രൂഷ അനുഷ്ഠിച്ചിട്ടുള്ള ബഹു: അച്ചൻ Queen of the Sacrement തുടങ്ങി അനേകം ഗ്രന്ഥങ്ങളും, ലേഖനങ്ങൾ, ഗവേഷണപ്രബന്ധങ്ങൾ എന്നിവയും രചിച്ചിട്ടുണ്ട്. ദേശീയ-അന്തർദേശീയ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കാറുള്ള ബഹു: അച്ചൻ Resource person എന്ന നിലയിലും വിദ്യാഭ്യാസ ഗവേഷണ ഗൈഡ് എന്ന നിലയിലും പ്രവർത്തിക്കുന്നു. ബഹു: അച്ചൻ എഴുത്തുകാരനും സഭാചരിത്രപണ്ഡിതനുമാണ്.

## വൈദീക പട്ടം നല്കി

പുത്തൻകുരിശ്: മലങ്കര യാക്കോബായ സുറിയാനി സഭയിലെ ശെമ്മാശന്മാരായ റാന്നി കിഴക്കേതിൽ ഡീക്കൻ ഡോ. ബെൻസി മാത്യു, കോതമംഗലം നാഗഞ്ചേരി ഡീക്കൻ എൽദോ പോൾ, കോതമംഗലം ചേലാട് ഡീക്കൻ എബി പീറ്റർ എന്നിവർക്ക് പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിലെ മോർ അത്താനാസ്സിയോസ് കത്തീഡ്രലിൽ വച്ച് മെയ് 30 ന് ശ്രേഷ്ഠ പൗരസ്ത്യ കാതോലിക്കാ ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവാ കശ്ശീശാപട്ടം നല്കി. മെത്രാപ്പോലീത്താമാരായ മോർ തീത്തോസ് യൽദോ (അമേരിക്ക), മോർ ക്ലീമ്മിസ് കുറിയാക്കോസ് (ഇടുക്കി) എന്നിവർ സഹകാർമ്മികത്വം വഹിച്ചു.

റാന്നി സെന്റ് മേരീസ് യാക്കോബായ സിംഹാസനപള്ളി ഇടവകയിൽ പഴവങ്ങാടി കിഴക്കേതിൽ കെ.കെ. മത്തായി-ചിന്നമ്മ മാത്യു ദമ്പതികളുടെ മകനാണ് ഫാ. ഡോ. ബെൻസി മാത്യു (കുറിയാക്കോസ്). ഭാര്യ: ജൂബി. മക്കൾ: നിസ്തുൽ, എം. ബെൻസി, നിർമ്മൽ റ്റി. ബെൻസി, മോർ ഗ്രീഗോറിയോസ് യാക്കോബായ വിദ്യാർത്ഥി പ്രസ്ഥാനം മേഖലാ സെക്രട്ടറി തുമ്പമൺ ഭദ്രാസന യുവജന പ്രസ്ഥാനം ജോ. സെക്രട്ടറി, മഹാത്മഗാന്ധി സർവകലാശാല യൂണിയൻ കൗൺസിലർ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പരിസ്ഥിതി-സാമൂഹ്യ പ്രവർത്തകനാണ്.

കോട്ടപ്പടി നാഗഞ്ചേരി സെന്റ് ജോർജ് ഹെബ്രോൻ യാക്കോബായ ഇടവകയിൽ തോമ്പ്രയിൽ റ്റി.വി. പൗലോസ് സിസിലി ദമ്പതികളുടെ മകനാണ് ഫാ. എൽദോ പോൾ. ദീപയാണ് ഭാര്യ. ചേലാട് സെന്റ് സ്റ്റീഫൻസ് ബസ്-അനിയവലിയപള്ളി ഇടവകയിൽ കിഴക്കേപ്പുറത്ത് കെ.ഒ. പത്രോസ് അലീസ് ടീച്ചർ ദമ്പതികളുടെ മകനാണ് ഫാ. എബി പീറ്റർ (എൽദോ). ഭാര്യ: ജിനു. 28 ന് കോഴിക്കോട് ഭദ്രാസനാധിപൻ മോർ ഐറേനിയോസ് പൗലോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ മോർ അത്താനേഷ്യസ് കത്തീഡ്രലിൽവച്ച് പൂർണ്ണ ശെമ്മാശ്പട്ടം നല്കിയിരുന്നു.

## തലസ്ഥാനത്ത് 40-ാം വെള്ളി ധ്യാനം



വലിയ നോമ്പനനോടനുബന്ധിച്ച് തിരുവനന്തപുരത്ത് വിവിധ എക്യൂമെനിക്കൽ പ്രസ്ഥാനങ്ങളുടെ സംയുക്ത നേതൃത്വത്തിൽ ഏപ്രിൽ 3 ന് നടത്തിയ നോമ്പുകാല ധ്യാനയോഗത്തിന് പൗരസ്ത്യ സുവിശേഷ സമാജം ജനറൽ സെക്രട്ടറി ഫാ. പൗലോസ് പാറേക്കര, മുൻ ചീഫ് സെക്രട്ടറി ബാബു ജേക്കബ് ഐ.എ.എസ്, എബണ്ടന്റ് ലൈഫ് ഇന്ത്യ പ്രസിഡന്റ് ഷെവ. കോശി എം. ജോർജ്, ബൈബിൾ സൊസൈറ്റി കോ-ഓർഡിനേറ്റർ സി.ആർ. ക്ലീറ്റസ് ഡാനിയൽ, വൈ.എം.സി.എ. പ്രസിഡന്റ് കെ.വി. തോമസ്, വൈ. ഡബ്ലിയു. സി.എ. പ്രസിഡന്റ് എലിസബത്ത് ജോർജ് ചെറിയാൻ എന്നിവർ നേതൃത്വം നല്കി.

## സെന്റ് പോൾസ് മിഷൻ കൺവൻഷൻ സമാപിച്ചു




തിരുവനന്തപുരം: സെന്റ് പോൾസ് മിഷൻ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ സെന്റ് പീറ്റേഴ്സ് സിംഹാസന കത്തീഡ്രലിൽ നടന്ന ത്രിദിന ബൈബിൾ കൺവൻഷൻ മാർച്ച് 29 ന് സമാപിച്ചു. നിരണം ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത യോഗം ഉദ്ഘാടനം ചെയ്തു. ഡോ. ഡി. ബാബുപോൾ അധ്യക്ഷത വഹിച്ചു. മിഷൻ ജോയിന്റ് ഡയറക്ടർ തങ്കച്ചൻ കടയ്ക്കനാട് വചന സന്ദേശം നല്കി. സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ വികാരി ഫാ. സിബി ജോസഫ്, പോങ്ങുംമൂട് സെന്റ് മേരീസ് സിംഹാസനപ്പള്ളി വികാരി ഫാ. കെ.സി. ഏബ്രഹാം കട്ടത്തറ, മിഷൻ ജോയിന്റ് സെക്രട്ടറി എ.വി. സണ്ണി, മേഖലാ കോ-ഓർഡിനേറ്റർ ഷെവ. കോശി എം. ജോർജ് തുടങ്ങിയവർ സമാപന യോഗത്തിൽ സംബന്ധിച്ചു.

## എഡിറ്റോറിയൽ

# കോപ്റ്റിക് - എത്യോപ്യൻ ഉടമ്പടിയും മലങ്കരസഭയും

ലോകത്തിലെ പല സഭകളുടേയും ഭിന്നത അവസാനിച്ച് ഒന്നായി തീരുകയോ ചേർന്ന് പ്രവർത്തിക്കുകയോ യോജിച്ച് പ്രവർത്തിക്കുകയോ പരസ്പരം അംഗീകരിച്ചു പ്രവർത്തിക്കുകയോ ചെയ്തിട്ടും മലങ്കര സഭയിലെ പ്രശ്നങ്ങൾ എന്തുകൊണ്ടു പരിഹരിക്കപ്പെടുന്നില്ല എന്ന ചോദ്യം ഏതൊരു സഭാസ്നേഹിയിലും ഉണ്ടാകാവുന്നതാണ്.

ഡോ. തോമസ് മാർ അത്താനാസ്യോസ് ഇത് കോപ്റ്റിക് - എത്യോപ്യൻ ഉടമ്പടിയെ ഉദാഹരിച്ചുകൊണ്ട് വർണ്ണിക്കുകയുണ്ടായി.

ഇവിടെ സഭൈക്യത്തിന തടസ്സം ആര്? എന്താണ് തടസ്സം? ഭിന്നതയുടെ കാരണം എന്ത്? ഇവയെല്ലാം വിവിധ ഘട്ടങ്ങളിൽ കൂലങ്കഷമായി ചിന്തിച്ച് ലേഖങ്ങൾ എഴുതിയിട്ടുള്ള ആളാണ് അദ്ദേഹം. ഭിന്നിച്ചുനിന്ന സഭയിലെ ഒരു വിഭാഗത്തിന്റെ മെത്രാപ്പോലീത്തായായി സ്ഥാനാരോഹണം ചെയ്യുകയും സഭാ ഐക്യം യാഥാർത്ഥ്യമാക്കാൻ മറുവിഭാഗത്തിലേക്ക് കാലുമാറുകയും ചെയ്തയാളാണ് അദ്ദേഹം. അദ്ദേഹം യോജിച്ചിട്ടും സഭ യോജിക്കാതിരുന്നതിന്റെ കാര്യം അറിഞ്ഞിട്ടും എവിടെയാണ് പ്രശ്നം? അദ്ദേഹം ഇപ്പോൾ ഭാഗമായ സഭാവിശ്വാസത്തിൽനിന്നും പാരമ്പര്യത്തിൽനിന്നും അകന്നിരിക്കുന്നുയെന്നും ഭൗതീക സമ്പത്ത് കൈയടക്കാനുള്ള എല്ലാ പരിശ്രമവും നടത്തിക്കൊണ്ടിരിക്കുന്നു എന്നുള്ളതും ഏതൊരു കുട്ടിക്കും അറിയാവുന്നതാണ്. പ. പാത്രിയർക്കീസ് ബാവായെ സഭയുടെ തലവനായി സ്വീകരിക്കാൻ, പ. സുറിയാനി സഭയുടെ ഒരു ഭാഗമായി മലങ്കരസഭയെ കാണാൻ, കൂട്ടാക്കാത്ത ഒരു വിഭാഗമായി കാതോലിക്കാ വിഭാഗം നിലകൊള്ളുകയും ഇതു വകവെക്കാതെ പരമ്പരാഗത വിശ്വാസത്തിൽ ഉറച്ചുനില്ക്കുന്നവരെ കേസിൽ കുടുക്കി പള്ളിയും സ്വത്തുക്കളും പിടിച്ചടക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. വേറിട്ടൊരു സ്വതന്ത്ര സ്വയം ശീർഷക സഭയായി സ്വയം പ്രഖ്യാപിച്ച് മുന്നോട്ടു പോകുകയും. പ. പാത്രിയർക്കീസുമായുള്ള ബന്ധം തന്നെ വിച്ഛേദിക്കുകയും. വേണ്ടിവന്നാൽ സിറിയക്കാരെ മെത്രാനാക്കിയും അന്ത്യോഖ്യാ സിംഹാസനത്തെ ധിക്കരിക്കാമെന്നും ഇകഴ്ത്താമെന്നും അങ്ങുൾപ്പെടെ ആഗ്രഹിക്കുന്നു.

ശരിക്കും എത്യോപ്യാ എറിത്രിയ സഭകളുടെ പ്രശ്നമാണോ ഇവിടെ നിലനില്ക്കുന്നത്? മലങ്കരസഭയിലെ രണ്ടുവിഭാഗങ്ങൾ രണ്ടു വിശ്വാസങ്ങളിൽ രണ്ടു നിലപാടുകളിൽ നിലകൊള്ളുന്നു എന്നല്ലാതെ അന്ത്യോഖ്യൻ സഭയോടു ഇവിടെ യാതൊരു പ്രശ്നവുമില്ല.

കാതോലിക്കാവിഭാഗം സുറിയാനി സഭയിൽനിന്ന് വിട്ടുമാറി സ്വതന്ത്രസഭ സ്ഥാപിച്ച് പുതിയ സിംഹാസനത്തിൽ അതിന്റെ നേതാവ് ആരുഢനനായി സ്വയം പ്രഖ്യാപിച്ച് സഭാതലവനു സമനാകാൻ ശ്രമിക്കുന്നത് വിശ്വാസമനുസരിച്ച്, ഏതു പാരമ്പര്യമനുസരിച്ച്, ഏതു കാനോൻ അനുസരിച്ച്, ഏത് ഭരണഘടന അനുസരിച്ചാണെന്ന് വ്യക്തമാക്കേണ്ടതല്ലേ? 1971 ജനുവരി 1 ന് വട്ടക്കുന്നേൽ നിയുക്തനുണ്ടായ വെളിപാട് അനുസരിച്ചാണെന്ന് പറഞ്ഞാൽ വിലപോകുമോ? അതിന്റെ സാധൂകരണത്തിനുവേണ്ടി ചരിത്രം മാറ്റിയെഴുതാൻ ശ്രമിച്ചാൻ വിലപ്പോകുമോ?

യാഥാർത്ഥ്യങ്ങൾ മറച്ചുവെച്ച് ഞാൻ ഇറങ്ങി പുറപ്പെട്ട നിലപാടുകളിൽ ഉറച്ചു നില്ക്കുന്നു എന്നുവരുത്തി തീർക്കാൻ നടത്തുന്ന പ്രസ്താവനകൾ ആർക്കുവേണ്ടി? നിന്ന സഭയിലോ നില്ക്കുന്ന സഭയിലോ ആർക്കും വേണ്ടാത്ത ജല്പനങ്ങൾ അവസാനിപ്പിച്ച് സത്യം അംഗീകരിക്കൂ. അതോടെ എല്ലാത്തിനും പര്യവസാനം ഉണ്ടാകും.

**അലക്സാണ്ടർ കാരയ്ക്കാട്**
എഡിറ്റർ




ചോദ്യം: ഇന്ന് നിരവധി പ്രവാചകന്മാർ എഴുന്നേറ്റിരിക്കുന്നു. ഇവർ ദൈവത്തിൽ നിന്നുള്ളവരോ എന്ന് എങ്ങനെ തിരിച്ചറിയും മാഷേ?

ഉത്തരം: 1 യോഹ. 4:1,5-6

"പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ ലോകത്തിലേക്ക് പുറപ്പെട്ടിരിക്കയാൽ ഏതു ആത്മാവിനേയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നും ശോധന ചെയ്യുവീൻ.

അവർ ലൗകീകന്മാർ ആകയാൽ ലൗകീകമായത് സംസാരിക്കുന്നു. ലോകം അവരുടെ വാക്കു കേൾക്കുന്നു. ഞങ്ങൾ ദൈവത്തിൽ നിന്നുള്ളവരാകുന്നു. ദൈവത്തെ അറിയുന്നവൻ ഞങ്ങളുടെ വാക്കു കേൾക്കും. ദൈവത്തിൽ നിന്നല്ലാത്തവൻ ഞങ്ങളുടെ വാക്ക് കേൾക്കുന്നില്ല. സത്യത്തിന്റെ ആത്മാവ് ഏത് എന്നും വഞ്ചനയുടെ ആത്മാവ് ഏതെന്നും നമുക്ക് ഇതിനാൽ അറിയാം.

# സുറിയാനി വിശ്വാസം കാക്കാൻ പൊരുതിയ പോരാളി: ബെന്യാമിൻ മോർ ഓസ്താത്തിയോസ് തിരുമേനി

ഡീക്കൻ ഡോ. ബെൻസി മാത്യു, റാന്നി

(5-ാം ഓർമ്മപ്പെരുന്നാൾ ജൂൺ 17, 2009)



മലങ്കരസഭയിൽ അന്തോക്യൻ സുറിയാനി സത്യവിശ്വാസം നിലനിർത്തുവാൻ അക്ഷീണം പ്രയത്നിച്ച മെത്രാപ്പോലീത്തായായിരുന്നു മോർ ഓസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്തയെന്ന. 'ഞാൻ നല്ല ഇടയാനാകുന്നു, നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു... ഞാൻ എനിക്കുള്ളവയെ അറിയുകയും എനിക്കുള്ളവ എന്നെ അറിയുകയും ചെയ്യുന്നത് പോലെ തന്നേ' (യോഹ. 10:11-15) എന്ന യേശുക്രിസ്തുവിന്റെ ഭാവം തന്നിൽ ആവാഹിച്ച ഇടയ ശ്രേഷ്ഠൻ 2004 ജൂൺ 17ന് നമ്മെ വിട്ടുപിരിഞ്ഞു.

മശിഹാതമ്പുരാന്റെ ആടുകളെ മേയിക്കുവാൻ നിയമിക്കപ്പെട്ടിരിക്കുന്നവരായ ഇടയന്മാർ കർത്താവിന്റെ നിരന്തരമായ സൂക്ഷ്മനിരീക്ഷണത്തിലാണെന്ന് സർവ്വശക്തനായ ദൈവം വെളിപ്പെടുത്തിയതിനെ (യെഹസ്ക്കേൽ 34) പൂർണ്ണമായി മനസ്സിലാക്കി അംഗീകരിച്ച് തന്റെ നാഥന്റെ കാലടികളെ അക്ഷരംപ്രതി പിന്തുടർന്ന ഉത്തമ സഭാ സ്നേഹിയായിരുന്നു ബെന്യാമിൻ മെത്രാപ്പോലീത്താ. ആടുകളെ ശരിയായി മേയ്ക്കാതെ തങ്ങളെത്തന്നേ മേയ്ക്കുകയും ആടുകളുടെ മേദസ്സ് ഭക്ഷിക്കുകയും, രോമം കൊണ്ട് വസ്ത്രമുണ്ടാക്കുകയും, കാണാതെ പോയതിനെ തിരയുകയോ, ചിതറിപ്പോയതിനെ തിരിച്ചുവരുത്തുകയോ ചെയ്യാത്ത ഇടയൻമാർക്ക് ശാസന നല്കുന്ന (യെഹ. 34:11-23) ജീവനുള്ള ദൈവത്തെ മുറുകെ പിടിച്ച് സത്യവിശ്വാസം കാത്ത് വിസ്മയകരമായ ജീവിതം കാഴ്ചവച്ച ഭാഗ്യസ്മരണാർഹനാണ് അഭിവന്ദ്യ പിതാവ്.

1984 ഒക്ടോബർ 7ന് തന്റെ 36-ാം വയസ്സിൽ മോറാൻ മോർ ഇഗ്നാത്തിയോസ് സഖാപ്രഥമൻ പാത്രിയർക്കീസ് ബാവായിൽനിന്നും മേല്പട്ട സ്ഥാനമേറ്റ് സിംഹാസന പള്ളികളുടെ സഹായ മെത്രാപ്പോലീത്തായായി മഞ്ഞനിക്കര ദയറായിലെത്തിയ കൊച്ചുതിരുമേനി കാലം ചെയ്യുമ്പോഴും മലങ്കരയിലെ കൊച്ചുതിരുമേനിയായിത്തന്നെയായിരുന്നു. അന്ന് സഭയിലുണ്ടായിരുന്ന 16 അഭിവന്ദ്യ പിതാക്കന്മാരിൽ ശ്രേഷ്ഠ ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ കഴിഞ്ഞാൽ ഒന്നാമനായിരുന്നുവെങ്കിലും 55-ാം വയസ്സിൽ തന്റെ നാഥന്റെ സന്നിധിയിലേക്ക് കരേറി.

സുറിയാനി സഭയുടെ സത്യവിശ്വാസ സംരക്ഷണത്തിനായി അന്തോക്യാ വിശ്വാസ സംരക്ഷണ സമിതി പ്രസിഡന്റ് എന്ന നിലയിൽ മലങ്കരയിലെങ്ങും ഓടിയെത്തുവാൻ മടികാണിച്ചിട്ടില്ലാത്ത തിരുമേനി തന്റെ വിശ്വാസാചാരങ്ങൾ നിഷ്ക്കർഷയോടെയും കർക്കശമായും പാലിച്ചതിനൊപ്പം പൊതുരംഗത്ത് സജീവസാന്നിദ്ധ്യമായി നിലകൊള്ളുകയും ചെയ്തു. എക്യുമെനിക്കൽ വേദികളിൽ മാത്രമല്ല നാനാ ജാതി മതസ്ഥരിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെന്ന് ആത്മബന്ധം സ്ഥാപിക്കുകയും അവരൊക്കെയും അഭി. പിതാവിനെ ഞങ്ങളുടെ തിരുമേനിയെന്ന് സ്നേഹത്തോടെ പറയുകയും ചെയ്യുക പതിവായിരുന്നു. വിവിധ മാധ്യമപ്രവർത്തകർ രാഷ്ട്രീയ നേതാക്കൾ തുടങ്ങിയവരൊക്കേയും ആ ആത്മബന്ധത്തിന്റെ സ്നേഹസുകുമാര്യത അസുഭവിച്ച് ആരാധകരായിത്തീർന്നിട്ടുണ്ട്.

നന്നേ ചെറുപ്പത്തിലേ ശെമ്മാശനായിരിക്കുമ്പോൾതന്നെ സന്യാസജീവിതം തിരഞ്ഞെടുത്തതാണ് മനക്കരുത്തോടെ ഭയപ്പാടില്ലാതെ നീതിക്കുവേണ്ടി ധീരമായി പൊരുതുവാൻ വലിയ ഉൾക്കരുത്ത് ലഭിച്ചത്. ജന്മദേശത്തെത്തി കാലം ചെയ്യുവാൻ കഴിഞ്ഞതും, തന്റെ ഭൗതീക ശരീരത്തിന് കുന്നംകുളം മുതൽ മഞ്ഞനിക്കര വരെ നീണ്ട ദൈർഘ്യമേറിയ വിലാപയാത്രക്ക് ഗംഭീര സ്വീകരണം ലഭിച്ചതും, കബറടക്ക ദിവസം ശുശ്രൂഷകളെ ഒരുതരത്തിലും ബാധിക്കാത്ത തരത്തിൽ സംസ്ഥാനമൊട്ടാകെ വാഹനത്തൊഴിലാളി പണിമുടക്കുമൂലം ദേശംതന്നെ നിശ്ചലാവസ്ഥയിലായി ശോകമൂകമായത് തികച്ചും യാദൃശ്ചികം തന്നെ. മഹാ പരിശുദ്ധനായ ഏലിയാസ് തൃതിയൻ ബാവായുടെയും, ഏലിയാസ് മോർ യൂലിയോസ് ബാവായുടേയും, യാക്കോബ് മോർ യൂലിയോസ് തിരുമേനിയുടേയും കബറുകളിൽ ശുശ്രൂഷിച്ച് അവരുടെ നിരയിൽ അന്ത്യവിശ്രമസ്ഥാനം ലഭിച്ചതിലൂടെ പുണ്യശ്ലോകനായ ബെഹ്യാമിൻ തിരുമേനിയെ ദൈവം അനുഗ്രഹിച്ചിരിക്കണം.

മലങ്കരയുടെ മഹാപരിശുദ്ധനായ ചാത്തുരുത്തിൽ മോർ ഗ്രീഗോറിയോസ് (പരുമല) തിരുമേനിയും ബെന്യമിൻ തിരുമേനിയും തമ്മിലുള്ള സമാനതകൾ ആശ്ചര്യകരങ്ങൾ മാത്രമല്ല ദൈവീക നിയോഗങ്ങൾ കൂടിയായിരുന്നുവെന്ന് കരുതണം. പരുമലത്തിരുമേനി 54-ാം വയസ്സിലും ബെന്ന്യാമിൻ തിരുമേനി 55-ാം വയസ്സിലും സഭയിൽ ശുശ്രൂഷകൾ തികച്ചവരും ചുരുങ്ങിയ കാലയളവിൽ വളരെയേറെ പ്രവർത്തിച്ചുവരുമാണ്. ഇരുവരും തന്നേ ചെറുപ്പത്തിൽ ദൈവവിളി സ്വീകരിച്ചവരും അഗാധ സുറിയാനി പാണ്ഡിത്യം നേടുകയും അന്തോക്യാ പാത്രിയർക്കീസന്മാരുടെ സെക്രട്ടറിമാരും ദ്വിഭാഷീകളുമായി പ്രവർത്തിച്ചവരും ഉറച്ച അന്തോക്യാ സത്യവിശ്വാസ സംരക്ഷകരുമയാരുന്നു.

ശ്രേഷ്ഠാചാര്യനായിരുന്ന ബെന്ന്യാമിൻ തിരുമേനിയുടെ ജീവിതകാലത്തുണ്ടായ ഒരു സംഭവംകൂടി കുറിച്ചുകൊണ്ട് ഈ അനുസ്മരണം അവസാനിപ്പിക്കുകയാണ്. കല്ലിശ്ശേരി സെന്റ്മേരീസ് ക്നാനായ യാക്കോബായ വലിയപള്ളിയിൽ എട്ടുനോമ്പിലൊരു ദിവസം വി. കുർബ്ബാനയർപ്പിച്ച ബെഹ്യാമിൻ തിരുമേനിയുടെ അടുക്കൽ സന്താനഭാഗ്യമില്ലാതിരുന്ന ദമ്പതികൾ ദുഃഖഭാരത്തോടെ പ്രാർത്ഥനയ്ക്കായെത്തി. പ്രാർത്ഥിച്ചാശീർവദിച്ച് അവരെ യാത്രയാക്കിയ തിരുമേനി വീണ്ടും അവരെ തിരികെ വിളിച്ച് കല്പിച്ചു നിങ്ങൾ "കുഞ്ഞുങ്ങളുമായി" മഞ്ഞനിക്കര ദയറായിൽ എത്തി മോറോന്റെ കബറിങ്കൽ പ്രാർത്ഥിക്കുവാൻ മറക്കരുത്! ദൈവത്തിന്റെ വലിയ കൃപമൂലം അവർക്ക് ലഭിച്ചത് ഇരട്ടകുട്ടികൾ. കുഞ്ഞുങ്ങളുമായി താമസിയാതെ ദയറായിലെത്തി പ്രാർത്ഥിച്ച് സ്തോത്രം കരേറ്റിയ അവരുടെ കുഞ്ഞുങ്ങളുടെ മാമോദീസാ കർമ്മം റാന്നി സെന്റ് തോമസ് ക്നാനായ വലിയപള്ളിയിൽവച്ച് ബെന്ന്യാമിൻ തിരുമേനി തന്നെ നടത്തിക്കൊടുക്കുകയും ചെയ്തു. സത്യവിശ്വത്തിനായി അഭംഗുരം പ്രവർത്തിച്ച് ജീവൻപോലും അർപ്പിച്ച മോർ ഓസ്താത്തിയോസ് ബെന്യാമിൻ തിരുമേനി കർതൃസന്നിധിയിൽ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

# ശിഥിലമാകുന്ന കുടുംബബന്ധങ്ങൾ

### ഫാ. ഡാർലി എടപ്പങ്ങാട്ടിൽ മുളന്തുരുത്തി

കുടുംബം എന്നത് മഹത്തായ ഒരു യാഥാർത്ഥ്യമാണ്. ഒരു രാഷ്ട്രത്തിന്റെ സഭയുടേയും ഭദ്രതയും ഐശ്വര്യവും സമൂഹത്തിന്റെ അടിസ്ഥാനഘടകമായ കുടുംബത്തെ ആശ്രയിച്ചാണിരിക്കുന്നത്. പലതരം മാറ്റങ്ങൾക്ക് ഇന്ന് കുടുംബം വിധേയമായിക്കൊണ്ടിരിക്കുന്നു. സ്ത്രീയും പുരുഷനും കല്യാണം കഴിച്ച് ഒരുമിച്ചുള്ള സഹവാസം മാത്രമായി കുടുംബ സങ്കല്പത്തെ തരംതാഴ്ത്തുന്നുണ്ട്. വിവാഹത്തെ ഇവർ ഒരു സ്വകാര്യ ഉടമ്പടിയായി മാറ്റുന്നു. വർഷത്തിൽ ഒരുമാസം ഒരുമിച്ച് താമസിക്കുകയും ബാക്കിയുള്ള സമയം രണ്ടുപേർക്കും ഇഷ്ടമുള്ളതുപോലെ സ്വകാര്യജീവിതം നയിക്കാം. പിന്നീട് ഉടമ്പടി പുതുക്കണമെങ്കിൽ പുതുക്കാം. ഇവർ കുട്ടികളെ പ്രസവിക്കാനോ വളർത്താനോ ഇഷ്ടപ്പെടുന്നില്ല. ചിലർ കുട്ടികളെ ദത്തെടുക്കുന്നു. സങ്കീർണ്ണമായ ഇത്തരം ആധുനിക സാഹചര്യങ്ങളിൽ ശിഥിലമായ കുടംബങ്ങളും കുടുംബബന്ധങ്ങളും വർദ്ധിക്കുന്നത് സ്വാഭാവികമാണ്. എങ്കിലും സ്ത്രീയും പുരുഷനും ഒരുമിച്ച് ജീവിക്കുന്ന കുടുംബം എന്ന അടിസ്ഥാന സങ്കല്പത്തിന് ഇന്നും മാറ്റമില്ല.

പരസ്പരം മനസിലാക്കുന്നതും ഇഷ്ടപ്പെടുന്നതും സഹായിക്കുന്നതും കുടുംബത്തിലാണ്. കുടുംബം നന്നാകണമെങ്കിൽ മാതാപിതാക്കൾ നന്നാകണം. അവരുടെ സ്വാധീനവും പെരുമാറ്റവും വളർന്നുവരുന്ന കുട്ടികളെ ഒരുപാട് സ്വാധീനിക്കുന്നു. നെപ്പോളിയൻ പറഞ്ഞിട്ടുണ്ട്. "ഒരമ്മയുടെ സ്വാധീനം അത്രശക്തമാണ്. ഒരു കുട്ടിയുടെ മനഃശാസ്ത്രപരമായ വിധിനിർണ്ണയിക്കുന്നത് മാതാപിതാക്കളുടെ ജീവിതവും പ്രവർത്തനങ്ങളുമാണ്.

കുടുംബം നന്നാകാൻ മനഃശാസ്ത്രപരമായി നമുക്ക് മൂന്ന് 'C' വേണം. ഒന്ന് Caring പരസ്പരം ശ്രദ്ധ കൊടുക്കുകയാണ് Caring. ഭർത്താവ് ക്ഷീണിതനായി വരുന്നു. ഒരു കപ്പ് കാപ്പി ചോദിക്കുമ്പോൾ ഭാര്യ കൊടുക്കുന്നു. അല്ലെങ്കിൽ ഭാര്യക്ഷീണിച്ച് വീട്ടിലേക്ക് വന്നുകയറുന്നു. ഭർത്താവ് കാപ്പിയുണ്ടാക്കി ഭാര്യക്കുകൊടുക്കുന്നു. ഇതാണ് പരസ്പരശ്രദ്ധയും കരുതലും. അച്ഛനമ്മമാരുടെ ഈ മാതൃക കണ്ടാണ് മക്കൾ പഠിക്കുന്നത്.

രണ്ട്, Communication ഇന്ന് അനേകം വീടുകളിലും കമ്മ്യൂണിക്കേഷൻ അഥവാ ആശയവിനിമയം കുറവാണ്. ഒന്നിച്ചു താമസിക്കുമ്പോൾപോലും കുടുംബാംഗങ്ങൾ വ്യത്യസ്ത ദ്വീപുകളായിമാറുകയാണ്. ഒരുമിച്ചു ഇരിക്കുവാനും ഒരുമിച്ചു വർത്തമാനം പറയുവാനും അവസരം കിട്ടുന്നില്ല. ഇപ്പോൾ കൗമാരക്കാർ വീട്ടിൽ വന്നാലുടനെ ഭക്ഷണവുമെടുത്ത് ടിവിയുടെ മുന്നിൽ പോയിരിക്കുകയാണ്. കുറെക്കഴിഞ്ഞ് അവർ മൊബൈലെടുത്ത കൂട്ടുകാരോടു സംസാരിച്ചിരിക്കും. പല ഭവനങ്ങളിലും ഒന്നിച്ചിരിക്കുന്ന മൂന്നുപേർ മൂന്നു ഫോൺ ഉപയോഗിച്ചുകൊണ്ടിരിക്കും. അടുത്തിരിക്കുന്ന രണ്ടുപേർ തമ്മിലല്ല സംസാരിക്കുക; അവർ അകലെയുള്ളവരോടാണ് സംസാരിക്കുന്നത്. അങ്ങനെ നമ്മുടെ സാങ്കേതിക പുരോഗതി നൈസർഗ്ഗീകമായ ആശയവിനിമയത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. പല കുടുംബങ്ങളിലും അംഗങ്ങൾ ഒരുമിച്ച് താമസിക്കുന്നുണ്ട്. പക്ഷേ, ഒരുമിച്ചു ജീവിക്കുന്നില്ല. ഇവിടെ നമ്മൾ അന്യവത്ക്കരിക്കപ്പെട്ടിരിക്കുന്നു. കുഞ്ഞുണ്ണിമാഷിന്റെ ഒരു കവിത ഇങ്ങനെയാണ്.

എനിക്കുണ്ടൊരു ലോകം
നിനക്കുണ്ടൊരു ലോകം
നമുക്കില്ലൊരു ലോകം

വർദ്ധിച്ചുവരുന്ന ആത്മഹത്യാനിരക്കുകളുടെ ഏറ്റവും പ്രധാനകാരണം ഈ അന്യവത്ക്കരമാണ്.

ഇപ്പോൾ IT രംഗത്ത് പ്രവർത്തിക്കുന്ന, വലിയൊരു വിഭാഗം ആളുകളുടെയും കുടുംബബന്ധങ്ങൾ ശിഥിലമാണ്. കാരണം അവർ എല്ലാവരും വ്യഗ്രചിത്തരാണ്. രാവിലെ മുതൽ വൈകിട്ടു അവർ കമ്പ്യൂട്ടറിന്റെ കീബോർഡായിരുന്നെങ്കിൽ എന്നു ആഗ്രഹിച്ചുപോകുന്നു. ഭാര്യമാർക്ക് ഭർത്താവിനെ കിട്ടുന്നില്ല. ഈ മനുഷ്യൻ കമ്പ്യൂട്ടറിനെയാണ് കല്യാണം കഴിച്ചിരിക്കുന്നത് എന്നത്രെ ഭാര്യമാരുടെ പരാതി. ഇത്തരം ഭാര്യമാരെ സൈബർവിഡോസ് എന്നാണ് പറയുക.

മൂന്നാമത്തെ 'C' Companionship ആണ്. കുടുംബം ഒരു ആജീവനാന്ത സൗഹൃദമാണ്. സഖിത്വമാണ് എന്റെ സുഹൃത്തിന്റെ സുഖവും സന്തോഷവുമാണ് എന്റെ ആനന്ദം. കുടുംബത്തിൽനിന്ന് എനിക്ക് എന്തുകിട്ടുമെന്നല്ല എനിക്ക് എന്ത് കൊടുക്കാൻ കഴിയുമെന്ന മനോഭാവമാണിത്. കുടുംബത്തിലുണ്ടാകുന്ന പ്രശ്നങ്ങളുടെ മറ്റൊരുകാരണം ഫിനാൻഷ്യൽ ബഡ്ജറ്റിന്റെ അഭാവമാണ്. പ്രധാനപ്പെട്ട മറ്റൊരുകാര്യം ദൈവത്തിലുള്ള വിശ്വാസമാണ്. ജീവിതത്തിന് അർത്ഥവും ലക്ഷ്യവും നല്കുന്നത് ദൈവത്തിലുള്ള അടിയുറച്ച വിശ്വാസമാണ്. കുടുംബജീവിതം മൂന്നുചക്രമുള്ള ഒരു വണ്ടിയാണെങ്കിൽ അതിന്റെ മൂന്നാമത്തെ ചക്രം ദൈവമാണ്. 'ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്' എന്ന ദൈവീകസാന്ത്വനം വളരെ പ്രധാനപ്പെട്ടതാണ്. കുടുംബങ്ങളിൽ ശീലിക്കുന്ന മൂല്യങ്ങളാണ് മക്കളെ സ്വാധീനിക്കുക. അപ്പന്മാർ നല്ല മാതൃകയാണെങ്കിൽ എവിടെപ്പോയാലും മക്കൾ വഴിതെറ്റിപ്പോകുകയില്ല.

സൃഷ്ടി എന്ന വരദാനത്തിന്റെ അവകാശികളും ജീവനെ അത്ഭുത പ്രതിഭാസത്തിന്റെ സംരക്ഷകരുമാകേണ്ട വിവാഹാർത്ഥികളെ സഭയും സമൂഹവും കൂടുതൽ ഉത്തരവാദിത്ത ബോധത്തോടെ പരിശീലിപ്പിക്കണം. ശക്തവും പ്രയോഗികവുമായ വിശ്വാസജീവിത പരിശീലനവും ബോധവത്ക്കരണവും കുടുംബം മുതലേ തുടങ്ങിവെയ്ക്കണം. സഭ അത് ഏറ്റെടുത്ത് സഫലീകരിക്കണം. മിശ്രവിവാഹങ്ങളിൽ ചെന്നുപെടാതിരിക്കുവാൻ നല്ല ബോധ്യങ്ങൾ കൊടുക്കണം. മാതാപിതാക്കൾ ആലോചിച്ച് ഉറപ്പിക്കുന്ന വിവാഹമാകട്ടെ, പ്രണയവിവാഹമാകട്ടെ ധൃതിപിടിച്ച് നടത്താതിരിക്കുക. ശരിക്ക് അന്വേഷിച്ച് പരസ്പരം കണ്ടറിഞ്ഞ് ബോധ്യപ്പെട്ട് സമയമെടുത്ത് വിവാഹം നടത്താൻ ശ്രദ്ധിക്കുക. പ്രാർത്ഥനയും സ്നേഹവും ത്യാഗവും പൂത്തുലയുന്ന ദൈവാലയമായി കുടുംബത്തെ മാറ്റുക. എങ്കിൽ വിവാഹക്കോടതിയുടെ വരാന്തയിൽ അലഞ്ഞുതിരിയുന്നവരുടെ എണ്ണംകുറയും, തീർച്ച.

# കുടുംബബന്ധങ്ങളുടെ പ്രസക്തി

ആനി വി. തോമസ് ആരക്കുന്നം

സമൂഹം നന്നാവാൻ. കുടുംബം നന്നാവണം. അനേകരുടെ രക്തസാക്ഷിത്വമാണ് സഭയുടെ വളർച്ചയ്ക്കാധാരം, എങ്കിൽ ചെറിയ ത്യാഗങ്ങൾകൊണ്ട് സഭയെയും സമൂഹത്തെയും കെട്ടിപ്പടുക്കാൻ അണ്ണാറക്കണ്ണനും തന്നാലായത് പോലെ ജീവിതം ക്രമപ്പെടുത്തണം. നോമ്പും ഉപവാസവുമാണ് മനുഷ്യനെ ത്യാഗശീലരാക്കാൻ പ്രേരിപ്പിക്കുന്ന ബാലപാഠങ്ങൾ. അതുപോലെയാണ് കുടുംബബന്ധങ്ങളുടെ സുതാര്യത കാത്തുസൂക്ഷിക്കാൻ ബാല്യത്തിലെ സദാചാരത്തിന്റെ വിത്തുപാകണം. കുടുംബസാഹചര്യങ്ങളിൽ നിന്ന് ഇളംതലമുറ അത് കണ്ടുപഠിക്കാനാകണം.

ഓരോ വ്യക്തിയും മറ്റൊരാളിന്റെ അഭ്യുദയാകാംക്ഷി ആയിരിക്കുന്നു. മാതൃശിശു സംരക്ഷണത്തിലെ രഹസ്യം നിസ്സഹായമായ ശിശുവിന്റെ അവസ്ഥയിൽ അമ്മക്ക് തോന്നുന്ന സ്നേഹവും ത്യാഗവുമാണ്. കൊടിപിടിച്ചു സമരം ചെയ്തു നേടിയെടുക്കുന്നതല്ല സംരക്ഷണം. സമൂഹത്തിന്റെ എല്ലാ തുറയിലും ഉയർച്ച നേടുന്നവർ ഒരു കാലത്ത് ഇതുപോലെ മനുഷ്യരുടെയും ദൈവത്തിന്റെയും കണ്ണുകളിൽ അനുകമ്പ കണ്ടവരാണ്.

കുഞ്ഞിന്റെ വളർച്ചയിലെ ഓരോ ഘട്ടവുമായി കർത്തവ്യമായി മനസ്സിൽ രൂഢമൂലമായിട്ടുള്ളതുക്കൊണ്ടാണ് അമ്മ കുഞ്ഞിനെ പരിപാലിക്കുന്നത്. അല്ലാത്തതൊക്കെ അമ്മത്തൊട്ടിലിലോ ചവറ്റുകൂനയിലോ നിക്ഷേപിക്കപ്പെടുന്നുണ്ടെന്ന് നമുക്കറിയാം.

ഒരമ്മയുടെ മനസ്സിൽ പകവളരുവാൻ ഒരിക്കലും ഇടവരരുത്. അമ്മയെ നിന്ദിക്കുകയം പരിഹസിക്കുകയം ചെയ്യരുത് എന്നു വേദപുസ്തകം ഏശാവിന്റെയും യാക്കോബിന്റെയും അമ്മ ഈ അവസ്ഥയ്ക്ക് മകുടോദാഹരണമാണ്. കുടുംബത്തിലെ പൗരോഹിത്യം അമ്മയപ്പന്മാർക്കുണ്ട് Hirarchy ക്ക് എതിരായ വളർച്ച പൗരോഹിത്യത്തിൽ ഇല്ലാ. അധികാരത്തിന്റെ അനുസരണത്തിലല്ലാത്തവരെയും മത്സരികളെയും വ്യവസ്ഥകളെ തകർക്കുന്നവരെയും പിശാചിന് ഏല്പിച്ചുകൊടുക്കുന്ന രീതി അപ്പസ്തോലികമായിരുന്നു (1 തിമോ. 1:20, 1 കൊരി. 5).

സൂക്ഷ്മമായി ചിന്തിച്ചാൽ എവിടെയും സൗഹാർദ്ദപരമല്ലാത്ത ഏതൊരു പെരുമാറ്റത്തിനും ഒരുകാരണം കണ്ടെത്താം. അത് വിശകലനം ചെയ്യണം.

കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് ദൈവത്തെ സ്നേഹിക്കുവാൻ കഴിയില്ലെന്നും സഹോദരനെ പകെക്കുന്നവൻ ഇരുളിൽ വസിക്കുന്നുവെന്നും ശ്ലീഹാ പറയുന്നത്. കായേന്റെയും ഹാബേലിന്റെയും സഹോദര സ്നേഹത്തിന്റെ അന്ത്യം നമുക്കറിയാം. അതുകൊണ്ടാണ് നീ ബലിയർപ്പിക്കുവാൻ പോകുമ്പോൾ നിന്റെ സഹോദരന് നിന്നോട് വല്ലതുമുണ്ടെങ്കിൽ ബലിവസ്തു അവിടെ വച്ചിട്ട് പോയി സഹോദരനോട് ഒന്നാമത് നിരപ്പായിട്ട് വന്ന് ബലിയർപ്പിക്കുക എന്ന് കർത്താവ് പഠിപ്പിക്കുന്നത്. പരിതസ്ഥിതി മലിനികരിക്കപ്പെടുന്നത് ഒഴിവാക്കുന്നതുപോലെ സഹോദര മനസ്സിലെ സൗഹാർദ്ദം നഷ്ടപ്പെടുന്നതും ഒഴിവാക്കണം.

ആപത്തിൽ പങ്കുചേരാൻ ജനിച്ചവനാണ് സഹോദരൻ എന്നാണ് ആപ്തവാക്യം. എളിമയാണ് ഏറ്റവും പ്രയാസകരമായ സുകൃതം. ത്യാഗത്തിനുപകരം മാത്സര്യം ഉണ്ടാകുമ്പോഴാണ് അതിർത്തിക്കല്ലുകളിൽ ചോര പടരുന്നത്.

സ്വാർത്ഥതയും ദുരഭിമാനവും മനുഷ്യനിൽ ഉള്ളിടത്തോളം കാലം മനുഷ്യബന്ധങ്ങളിൽ വിട്ടുവീഴ്ച ഉണ്ടാവുകയില്ല. വിശുദ്ധിയുടെ പടവുകൾ കയറുവാൻ ആത്മാഭിമാനംപോലും വിലങ്ങുതടിയാണ്.

ഭരിക്കപ്പെടാൻ ആരും ആഗ്രഹിക്കുന്നില്ല. എല്ലാവർക്കും ഭരിക്കുവാനാണ് ഇഷ്ടം. അത് ഈ സമൂഹത്തിലെ ഏറ്റവും വലിയ ദുഷ്യമാണ്. അധികാരത്തിനുവേണ്ടി പണവും പണത്തിനുവേണ്ടി മൂല്യങ്ങളും നഷ്ടപ്പെടുത്തുന്ന സമൂഹം വ്യാപകമായ നാശനഷ്ടങ്ങളും ദൈവകോപവും വിളിച്ചുവരുത്തും. ഇത് കുടുംബത്തിനുള്ളിൽത്തന്നെ ആരംഭിച്ചാലോ?

അതുകൊണ്ടാണ് നേതാവാകാൻ ആഗ്രഹിക്കുന്നവൻ ശുശ്രൂഷകനാകണം. ദൈവരാജ്യത്തിലെ വലിയവനാകുവാൻ ശിശുവിനെപ്പോലെ ചെറുതാകണം. ഇരട്ടത്താപ്പിനെ (മനസ്സിലൊന്നും വാക്കിൽ മറ്റൊന്നും) ദൈവം എത്രമാത്രം വെറുക്കുന്നുവെന്ന് യെരമ്യാ പ്രവാചകന്റെ പുസ്തകത്തിൽ (9-ാം അദ്ധ്യായം) നാം വായിക്കുന്നുണ്ട്. സഹോദരനെ വെറുക്കുന്നവൻ കൊലപാതകിയാണ്. വെറുപ്പ് കലി വർദ്ധിക്കും. കോപവും കലിയും ആക്രമണസാദ്ധ്യതയുണ്ടാക്കും. ഇത് കൊലയ്ക്ക് കാരണമാകും.

നിങ്ങളുടെ കുടുംബത്തിലുള്ളവർക്ക് പരസ്പരം തമാശപറഞ്ഞ് പൊട്ടിച്ചിരിക്കുവാൻ കഴിയുമോ? മുഖത്തോടു മുഖം നോക്കി നിഷ്കളങ്കമായി ചിരിക്കുമോ? വിലയേറിയ വസ്ത്രവും, കാറും, വീടും, സൗന്ദര്യവും, വിദ്യാഭ്യാസവുമല്ല സജ്ജന സമ്പർക്കത്തിലൂടെ തിരുത്തലുകളിലൂടെ നിങ്ങളിലെ വ്യക്തിത്വത്തെ രൂപപ്പെടുത്തുക. നദിയിലെ പാറക്കഷണം ഒഴുകിയും ഉരുമ്മിയും രൂപാന്തരപ്പെടുന്നതുപോലെ നാമും സമൂഹത്തിന്റെ മുഖ്യധാരയുമായി സമ്പർക്കപ്പെട്ട് കൊള്ളാവുന്നരാകണം. ലൈംഗിക സദാചാരം കൈമോശം വന്ന സമൂഹത്തിലാണ് നാമിന്നു ജീവിക്കുന്നത്. സ്വന്തം കുടുംബത്തിന്റെ സാമൂഹിക സാമ്പത്തിക നിലവാരത്തിലൊതുങ്ങി ജീവിക്കാനുള്ള മനസ്സാന്നിദ്ധ്യം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുന്നതിനു പകരം വമ്പൽ സ്രാവുകളെ കൊത്താനും ഇരയിട്ടുപിടിക്കാനും ശ്രമിക്കുന്ന മാതാപിതാക്കളാണ് പലപ്പോഴും സാന്മാർഗ്ഗിക അധഃപതനത്തിന് വളംവച്ചുകൊടുക്കുന്നത്. സ്വന്തം ചക്രവാളത്തിലൊതുങ്ങുന്ന സ്വപ്നങ്ങൾ മാത്രമേ പാടുള്ളൂ. പാതി വ്രത്യനിഷ്ഠയും വാത്സല്യാതിരേകവും പരസ്പര സ്നേഹവും കെട്ടുപോക്കാത്ത തീവ്രമായ പ്രണയവും ദമ്പതികൾക്കിടയിൽ നിലനിർത്തിയേ തീരൂ. പക്വത നേടിക്കൊടുക്കണം. മനസ്സമ്മതം, Premarital counscelling മുതലായവയ്ക്ക് ഒരുപരിധിവരെ ഗുണം കണ്ടെത്താൻ കഴിയും. നല്ല മാതൃകകളെ കണ്ടെത്താനും അവ തണ്ടിന്മേൽ കത്തിച്ച വിളക്കുകൾ പോലെ ശോഭിപ്പിക്കണം. അതിഥി ആതിഥേയ സംസ്കാരം നമ്മുടെയിടയിൽ തിരികെ കൊണ്ടുവരണം. കരുതുവാനും കരുണകാണിക്കാനുമുള്ള മനസ്സുണ്ടാകണം. പരസ്പര ബഹുമാനം നന്മ കൈവരുത്തും.

# വിവാഹം മാന്യം ധൂർത്ത് അനാവശ്യം

**ഫാ. ഡാർലി എടപ്പങ്ങാട്ടിൽ**

വിവാഹം ദൈവസ്ഥാപിതവും പണ്ഡിത-പാമര, പാസ്റ്റർ, പുരോഹിത, പ്രവാചക, അപ്പൊസ്തോലിക വ്യത്യാസമെന്യേ ഏവർക്കും മാന്യമെന്ന് ദൈവവചനം പഠിപ്പിക്കുന്നു (എബ്രായർ 13:4). എന്നാൽ പാവന വിവാഗബന്ധത്തിൽ ഏർപ്പെടാത്തവരും വിവാഹം വിലക്കുന്നവരും ക്രിസ്തീയ ഗോളത്തിൽ ഉണ്ടെന്നുള്ളതു യാഥാർത്ഥ്യം. പത്രോസ് അപ്പൊസ്തലൻ വിവാഹിതനായിരുന്നു. സഭാസ്ഥാനികൾ കുടുംബസ്ഥരായിരിക്കണമെന്ന് വി. പൗലൂസ് ശ്ലീഹാതന്റെ ലേഖനങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നു (1 തീമൊയയ 3:2, തീത്തോസ് 1:6) എന്താണ് വിവാഹത്തിന്റെ പ്രാധാന്യം? (1) വിജയകരമായ ആത്മീയജീവിതത്തിനും അഭിവൃദ്ധിക്കും വിവാഹം അത്യന്താപേക്ഷിതമാണ്. വിശ്വാസികളുടെ പിതാവെന്ന് ശ്രേഷ്ഠ പദവി ലഭിച്ച അബ്രഹാം കുടുംബസ്ഥനായിരുന്നു. ദൈവീക പദ്ധതി നടപ്പാക്കി സത്യാരാധനയിൽ മുന്നേറി സഹജീവികൾക്ക് നന്മ ചെയ്കയിൽ ദൂതന്മാരെ സല്ക്കരിക്കുന്നതിനും അനുഗ്രഹം പ്രാപിക്കുന്നതിനും മുഖാന്തിരമായി. യിസ്രയേലിന്റെ രാഷ്ട്രപിതാവും മാനവസമൂഹത്തിന്റെ നീതിന്യായ വ്യവസ്ഥാദാതാവുമായ മോശ ഭാര്യസമേതനായിരുന്നു. തന്റെ പങ്കാളിയുടെ സല്ക്രീയമൂലം മോശ മരണ വക്ത്രത്തിൽനിന്നും വിടുവിക്കപ്പെട്ടു. ലോകപ്രശസ്ത സുവിശേഷ പ്രസംകൻ ഡോ. ബില്ലിഗ്രഹാം തന്റെ വേലയുടെ രഹസ്യമെന്തെന്ന് ചോദിച്ചതിന് നല്കിയമറുപടി "എന്റെ പ്രിയ ഭാര്യയും അവരുടെ പ്രാർത്ഥനയും എന്നായിരുന്നു." ഇപ്രകാരം ആത്മീയപുരോഗതിക്ക് മാത്രമല്ല ആയുരാരോഗ്യത്തിനും വിവാഹജീവിതം ആവശ്യമെന്ന് ആധുനികശാസ്ത്രവും തെളിയിക്കുന്നു.

എന്നാൽ വിവാഹ ആഘോഷത്തിന്റെ പേരിൽ ഈ കാലഘട്ടത്തിൽ നടക്കുന്ന ധൂർത്ത് എതിർക്കപ്പെടേണ്ടതാണ്. ബ്രിട്ടനിൽ ബഡ്റൂക്ക് ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ബ്രിട്ടീഷ് സൊസൈറ്റി നടത്തിയ പഠനത്തിൽ മൂന്നിൽ രണ്ടു ഭാഗം ആളുകളും വിവാഹം കൂടാതെ ഭാര്യാഭർത്താക്കന്മാരെപോലെ ഒരുമിച്ചു കഴിയുന്നവരാണെന്ന് കണ്ടെത്തി. കാരണം വിചിത്രാമാണ്. വിവാഹാഘോഷങ്ങൾക്കുള്ള ഭീമമായ ചെലവ് താങ്ങാൻ കഴിയുന്നില്ലത്രെ! അവിടെ ഒരു വിവാഹം നടത്തുന്നതിന് ഏകദേശം ചെലവ് താങ്ങാൻ കഴിയുന്നില്ലത്രെ! അവിടെ ഒരു വിവാഹം നടത്തുന്നതിന് ഏകദേശം 14 ലക്ഷം രൂപാ ആവശ്യമാണ്. ഇക്കാരണത്താലുള്ള കുത്തഴിഞ്ഞ ജീവിതശൈലിയും നിയമാനുസൃതമല്ലാത്ത കുടുംബബന്ധങ്ങളും നിയമത്തിനും സർക്കാരനും തലവേദന സൃഷ്ടിക്കുന്നതായി മാധ്യമങ്ങൾ വെളിപ്പെടുത്തുന്നു. ഇതേ അവസ്ഥ യൂറോപ്പിലെങ്ങും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലും വിദേശമലയാളികളുടെ മക്കളിലും കോളേജ് വിദ്യാർത്ഥികൾക്കിടയിലും ഈ ദുസ്ഥിതി വർദ്ധിച്ചുവരുന്നതായി റിപ്പോർട്ടുകളുണ്ട്. ഇത്തരുണത്തിൽ കേരളത്തിലെ ആദ്യ കമ്മ്യൂണിസ്റ്റു സർക്കാരിനെതിരെ വിമോചനസമരം നയിച്ചവർ പാടിയ പാട്ടുകളിലെ ചില വരികൾ പഴമക്കാർ പറഞ്ഞത് ഓർമ്മവരുന്നു. 'അച്ചനുമില്ല, ബിഷോപ്പുമില്ല, എന്ത്ര് തന്തോഴം എങ്ങടെ തമ്മന്തം' (ഞങ്ങടെ സമ്മന്തം) അതിപ്പോൾ നിവർത്തി പഥത്തിലെത്തിയ സ്ഥിതിയാണ്. അത് കണ്ടില്ല കേട്ടില്ല എന്ന് നടിച്ച് മുതിർന്നവരും സഭയും മുന്നോട്ടുപോയാൽ മതിയോ? 'സന്തോഷസൂചകമായ് തന്നതും സ്വീകരിച്ച് സന്തോഷത്തോടെ ഞങ്ങൾ പോകുന്നു.' എന്ന് ക്രിസ്മസ് കരോൾ പാട്ടുകാരെ പോലെ ഗമിച്ചാൽ മതിയോ?

ഏതാനും വർഷങ്ങൾക്കു മുമ്പുവരെ യോഗ്യമായ വിവാഹനടപടികൾ ലളിതമായി പാലിച്ചിരുന്നു. സഭകളുടെ നേതൃത്വത്തിൽ ഭവനങ്ങളിൽവെച്ച് വിവാഹനിശ്ചയം നടത്തുകയും അതിൽ സംബന്ധിച്ചവരുടെ സംഖ്യാനുപാതമനുസരിച്ച് മാത്രമേ വിവാഹത്തിന് ആളുകളെ സംബന്ധിച്ചിരുന്നുള്ളു. ആ നിലയിലാകുമ്പോൾ അമിത ആൾക്കൂട്ടം ഒഴിവാക്കാൻ കഴിയുന്നു.

അമിതാഘോഷത്തോടെ വിവാഹിതരാവുകയും വസ്ത്രം മാറുന്നതുപോലെ പുനർവിവാഹം ചെയ്തും സിംഗിൽ പേരന്റ്സായും കുടുംബ ശിഥിലമാക്കുന്ന ഇന്നത്തെ അമേരിക്കയുടെ ദാരുണാവസ്ഥ നമ്മുടെ കണ്ണുതുറപ്പിക്കണം. ജ്ഞാനികളുടെ ജ്ഞാനി എന്നറിയപ്പെടുന്ന ശലോമോൻ രാജാവ് വിവാഹാഢംബരവും വ്യവസ്ഥരഹിതവിവാഹവും മൂലം നൈരാശ്യം ബാധിച്ച് ജീവിതംതന്നെ വെറുത്തത് (സഭാപ്രസംഗി 2:17). "സൂര്യനു കീഴെനടക്കുന്ന സകല പ്രവൃത്തികളും ഞാൻ കണ്ടിട്ടുണ്ട്. അവയൊക്കയും മായയും വ്യഥാ പ്രയത്നവും അത്രേ" എന്നാണ് ശാലോമോൻ രാജാവിന്റെ അനുഭവസാക്ഷ്യം (സഭാ. 2:14). ഈ ശാലോമോന്റെ ജീവിത സന്ദേശം നാം പാഠമാക്കുമെങ്കിൽ വിവാഹാഘോഷ ധൂർത്തിൽനിന്നും പ്രമാണ ലംഘനങ്ങളിൽനിന്നും കരകയറാൻ നമുക്കാകും. ക്രൈസ്തീയവ സഭകളും നേതൃത്വവും സടകുടഞ്ഞെഴുന്നേൽക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

---


യാക്കോബായ സഭയുടെ അഭിമാനം

പാർലമെന്റിലെ നക്ഷത്രശോഭ

**പി.സി. ചാക്കോയ്ക്ക്**

സഭയുടെയും യാക്കൂബ്യന്റെയും

ആശംസകൾ




# വി: സഭയിൽ വിശ്വാസികളുടെ ആരാധനയിൽ ധൂപാർപ്പണം ആവശ്യമാണ്

അഹറോൻ അതിന്മേൽ സുഗന്ധദ്രവ്യം കാട്ടേണം. അവൻ ദിനംപ്രതി ദീപം തൂക്കുമ്പോൾ അങ്ങനെ ധൂപം കാട്ടേണം. അതു തലമുറ തലമുറയായി യഹോവയുടെ മുമ്പാകെ നിരന്തരവും ആയിരിക്കേണം. (പുറപ്പാട് 30:7,8)

ധൂപ കലശം എടുത്തു നാളെ യഹോവയുടെ സന്നിധിയിൽ അതിൽ തീയിട്ടുധൂപവർഗ്ഗം ഇടുവീൻ. അങ്ങനെ അവർ ഓരോരുത്തൻ താന്താന്റെ ധൂപകലശം എടുത്തു തീയിട്ടു അതിൽ ധൂപവർഗ്ഗവും ഇട്ടു മോശയും അഹരോനുമായി സമാഗമന കൂടാരത്തിന്റെ വാതില്ക്കൽ നിന്നു. (സംഖ്യാ. 16:7-18).

ഞാൻ എന്റെ ദൈവമായ യഹോവയുടെ നാമത്തിന് ഒരാലയം പണിവാൻ പോകുന്നു. അതു അവനു പ്രതിഷ്ഠിച്ചിട്ടു അതിൽ അവന്റെ സന്നിധിയിൽ സുഗന്ധ ധൂപം കാട്ടുവാനും നിരന്തരമായ കാഴ്ചയപ്പം ഒരുക്കുവാനും കാലത്തും വൈകുന്നേരത്തും ശബ്ബത്തുകളിലും അമാവാസ്യകളിലും ഞങ്ങളുടെ ദൈവമായ യഹോവയുടെ ഉത്സവങ്ങളിലും ഹോമയാഗം കഴിപ്പാനും തന്നെ. എന്നാൽ അവനു ആലയം പണിവാൻ പ്രാപ്തിയുള്ളവൻ ആര്? സ്വർഗ്ഗത്തിലും സ്വർഗ്ഗാധിസ്വർഗ്ഗത്തിലും അവൻ അടങ്ങുകയില്ലല്ലോ? അങ്ങനെയിരിക്കെ അവന്റെ സന്നിധിയിൽ ധൂപം കാട്ടുവാനല്ലാതെ അവനു ഒരു ആലയം പണിയേണ്ടതതിനു ഞാൻ ആർ? 2 ദിനവൃത്താന്തം 2:46.

എന്റെ പ്രാർത്ഥന തിരുസന്നിധിയിൽ ധൂപമായും എന്റെ കൈകളെ മലർത്തുന്നത് സന്ധ്യായാഗമായും തീരട്ടെ. സങ്കീ. 2:45

എല്ലായിടത്തും എന്റെ നാമത്തിനു ധൂപവും നിർമ്മലമായ വഴിപാടും അർപ്പിച്ചു വരുന്നു. മലാക്കി. 1:11.

വിശുദ്ധന്മാരുടെ പ്രാർത്ഥന എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശവും പിടിച്ചുകൊണ്ട് കുഞ്ഞാടിന്റെ മുമ്പാകെ വീണു. വെളി. 5:8.

മറ്റൊരു ദൂതനൊരു ഒരു സ്വർണ്ണധൂപ കലശവുമായി വന്ന് യാഗപീഠത്തിനരികെ നിന്നു. സിംഹാസനത്തിൻ മുമ്പിലുള്ള സ്വർണ്ണപീഠത്തിന്മേൽ സകല വിശുദ്ധന്മാരുടേയും പ്രാർത്ഥനയോടു ചേർക്കേണ്ടതിനു വളരെ ധൂപവർഗ്ഗം അവനു കൊടുത്തു. ധൂപവർഗ്ഗത്തിന്റെ തുക വിശുദ്ധന്മാരോടെ പ്രാർത്ഥനയോടുകൂടെ ദൂതന്റെ കയ്യിൽനിന്നു ദൈവസന്നിധിയിലേക്ക് കയറി. ദൂതൻ ധൂപകലശം എടുത്തു യാഗപീഠത്തിലെ കനൽ നിറച്ചു ഭൂമിയിലേക്ക് എറിഞ്ഞു. ഉടനെ ഇടിമുഴക്കവും നാദവും മിന്നലും ഭൂകമ്പവും ഉണ്ടായി വെളി. 8:3-6

അതിൽ പൊന്നുകൊണ്ടുണ്ടാക്കിയ ധൂപകലശവും മുഴുവനും പൊന്നു പൊതിഞ്ഞ നിയമപെട്ടകവും അതിനകത്ത് മന്ന ഇട്ടുവച്ച പൊൻപാത്രവും അഹരോന്റെ തളിർത്ത വടിയും നിയമത്തിന്റെ കല്പലകകളും അതിനുമീതെ കൃപാസനത്തെമൂടുന്ന തേജസ്സിന്റെ കെരുബകളും ഉണ്ടായിരുന്നു. എബ്രായർ 9:4-5

എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല - എന്നു പറയുമ്പോൾ വിശ്വാസികളുടെ വിളിക്കുള്ളിലെ വിശ്വസ്തതയെ ആണ് കർത്താവ് വെല്ലുവിളിക്കുന്നത് (മത്തായി 7:21). 'വിളി' എന്നു കേൾക്കുമ്പോൾ വേദപുസ്തക പശ്ചാത്തലത്തിൽ സാധാരണയായി ദൈവവിളി എന്ന ചിന്തയാണ് നമ്മുടെ മനസ്സിൽ ഓടിടെത്തുന്നത്. എന്നാൽ ഇവിടെ ദൈവ വിളിയല്ല ദൈവത്തോടുള്ള മനുഷ്യന്റെ ദൈവത്തോടുള്ള വിളികളാണ്. ദൈവത്തെ ഇന്ന് ആരോഹണ ക്രമത്തിലും അവരോഹണക്രമത്തിലും വിളിക്കുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുകയാണ്. എന്നാൽ അവരുടെയിടയിൽ വിശ്വസ്തരുടെ എണ്ണം ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുന്നു. നമ്മുടെ പള്ളികളിൽ ആരാധകരുടെ എണ്ണം കൂടിയിട്ടുണ്ട്. വി. കുർബാന കൈക്കോള്ളുന്നവരുടെ എണ്ണം വർദ്ധിച്ചുണ്ട്. എന്നാൽ ആരാധകരുടെ വിശ്വസ്തരുടെ എണ്ണം എത്രമാത്രമുണ്ട്?

12-ാം സങ്കീർത്തനം ആരംഭിക്കുന്നത് ഇപ്രകാരമാണ്. "യഹോവേ രക്ഷിക്കേണമെ, ഭക്തന്മാർ ഇല്ലാതെ പോകുന്നു; വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു." ദാവീദന്റെ ഈ വിലാപം ഇന്നും പ്രസക്തമല്ലേ? ദൈവം വിളിച്ചു വേർതിരിച്ചതാണ് നമ്മുടെ സഭ. സഭയുടെ ചരിത്ര വളർച്ചയിൽ - പ്രത്യേകിച്ച് യാക്കോബായ സഭയുടെ വളർച്ചയിൽ നമ്മോടു വിശ്വസ്തത കാണിച്ച ദൈവം അന്നു ഇന്നും വിശ്വസ്തതൻ തന്നെ. എന്നാൽ കർത്താവേ - കർത്താവേ എന്ന് അനസ്യൂതം വിളിക്കുന്ന നമ്മൾ ദൈവത്തോടു എത്രമാത്രം ആത്മാർത്ഥത പുലർത്തുന്നുണ്ട്? സഭയുടെ ദൗത്യം വിളിക്കാതെ നമ്മൾ ദൈവത്തോടു എത്രമാത്രം ആത്മാർത്ഥത പുലർത്തുന്നുണ്ട്? സഭയുടെ ദൗത്യം വിളിക്കാതെ കൂട്ടുന്നതിലും നാമമാത്ര വിശ്വാസികളുടെ എണ്ണം പെരുപ്പിക്കുന്നതിലുമല്ല, മറിച്ച് ക്രിസ്തു ശിഷ്യന്മാരെ പിതാവിന്റെ ഹിതം ചെയ്യാൻ രൂപാന്തരപ്പെടുത്തുക അഥവാ പുനർജ്ജീ

വിപ്പിക്കുക എന്നതാണ്. അതിൽ എണ്ണം കുറഞ്ഞാലും നീളം കുറയുകയില്ല, കർത്താവേ കർത്താവേ എന്നു വിളിക്കുന്ന നമുക്ക് ദൈവവഴിയിൽ ക്രൂശിന്റെ പാതയിൽ എത്ര മാത്രം ക്രിസ്തുവിനെ അനുഗമിക്കാൻ കഴിയുന്നുണ്ട് എന്നത് ചിന്തിക്കേണ്ടതാണ്.

ഇന്ന് ക്രൂസേഡുകളുടെയും ആൾ ദൈവങ്ങളുടെയും, ആൾമാറാട്ടക്കാരുടെയും പെരുമഴക്കാലമാണ്. ഉറക്കെവിളിക്കുന്ന, ഭാവി പ്രവചിക്കുന്ന, ദോഷം മാറ്റുന്ന പുത്തൻ ഗ്രൂപ്പുകൾ കുണുപോലെ മുളയ്ക്കുന്നു. ദൈവരാജ്യത്തിന്റെ പേരിൽ റിയൽ എസ്റ്റേറ്റുകൾ സ്വന്തമാക്കുവാനും, സ്വർഗ്ഗീയ സന്തോഷം വിദേശ രാജ്യസന്ദർശനത്തിലൂടെ മുന്നാസ്വദിക്കാനും അനധികൃത സമ്പാദനത്തിലൂടെ സ്വർഗ്ഗീയ നിക്ഷേപം വർദ്ധിപ്പിക്കാനും തിടുക്കം കൂട്ടുന്ന ഇക്കൂട്ടരുടെ പിന്നിൽനിന്നു മുറവിളികൂട്ടുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയാണ്. ഉദ്ദിഷ്ടകാര്യ സാധ്യത്തിനു ഉപകാര സ്മരണയ്ക്കുമായി ഇത്തരം ആൾ ദൈവങ്ങളുടെ മുന്നിൽ ഉറഞ്ഞു തുള്ളുന്ന വിശ്വാസികളിൽ അന്ധവിശ്വാസത്തിന്റേയും അവിശ്വാസത്തിന്റെയും ആധുനിക വിത്ത് വിതയ്ക്കപ്പെടുന്നു. അതാർക്കു കിളിർക്കുന്നു. ഇവിടെ സഭയ്ക്ക് ഇടവകതലം മുതൽ മുകളിലോട്ട് ഒരു ദൗത്യം ഉണ്ട്. യഥാർത്ഥ ദൈവഹിതത്തിൽനിന്നും വഴിതെറ്റിപ്പോകുമ്പോൾ ദുഷിക്കുകയും പഴിക്കുകയും മാറിനിന്ന് വിമർശിക്കുകയും ചെയ്യാതെ വിളിക്ക് ഒത്ത വിശ്വസ്തതയോടെ ദൈവഹിതം നിവർത്തിക്കുവാൻ നാം കർമ്മനിരതരാകണം. വ്യതിചലിക്കുമ്പോൾ നമ്മോടു കർത്താവ് തീർത്തുപറയും "അധർമ്മം പ്രവർത്തിക്കുന്നവരെ എന്നെ വിട്ടു പോകുവിൻ" (മത്തായി 7:23).

കർത്താവേ കർത്താവേ എന്നു വിളിക്കുന്നത് ആരാധനയുടെ ഭാഗമാണ്. എന്നാൽ ആരാധിക്കുന്നവരുടെ അർപ്പണത്തെയാണ് യേശു അന്വേഷിക്കുന്നത്. ഉപരിപ്ലവവും ജീവിതഗന്ധിയുമല്ലാത്ത ആരാധനയല്ല, ആരാധിക്കുന്നവരുടെ ഉള്ളത്തെയും അർപ്പണമനോഭാവത്തെയുമാണ് കർത്താവ് ഇഷ്ടപ്പെടുന്നത്. ഇന്ന് വിവിധ രൂപത്തിലും ഭാവത്തിലുമുള്ള ആരാധകരുടെ കൂട്ടങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ചില സ്റ്റേജ്ജ് റിയാലിറ്റിഷോ കണ്ട് അന്ധം വിടുന്ന പാവം വിശ്വാസികൾ എന്നാൽ പുകമ്പനം കൊള്ളുന്ന ആരാധനയ്ക്കപ്പുറേത്തുള്ള പ്രവർത്തനോന്മുഖമായ സമർപ്പണത്തെ കർത്താവ് ഇഷ്ടപ്പെടുന്നു. വി. കുർബ്ബാനയിലെ കാതലായ സന്ദേശം നമുക്കുവേണ്ടി ക്രൂശിൽ സ്വയം അർപ്പിച്ച കർത്താവും ആ കർത്താവിന്റെ തിരു ശരീരരക്തങ്ങളിൽ പങ്കുചേരുന്ന നമ്മുടെ അർപ്പണവുമാണ്.

ഇൻഡോറിനടുത്ത് ഉദയനഗറിൽ (മധ്യപ്രദേശ്) ജന്മിമാരുടെ ചൂഷണത്തിൽ നിന്ന് ആദിവാസികളെ രക്ഷിച്ച സിസ്റ്റർ റാണിമേരിയുടെ ശരീരത്തിൽ ആക്രമികൾ കത്തികൊണ്ട് 35 പ്രാവശ്യം കുത്തി. രക്തമഴയിൽ കുളിച്ചുകിടന്ന സിസ്റ്ററിന്റെ സഹോദരി സിസ്റ്റർ സെൽമസഹന്തർസിങ്ങിനെ രാഖിദിനത്തിൽ (ഉത്തരേന്ത്യയിലെ ഒരു ആഘോഷം) ജയിലിൽ പോയികണ്ട് "രാഖി" കെട്ടി 'സ്വന്തം സഹോദരനായി' സ്വീകരിച്ചു. 12 വർഷത്തെ ജയിൽ ശിക്ഷ കഴിഞ്ഞ് കേരളത്തിലെ പെരുമ്പാവൂരിനടുത്ത് പുല്ലുവഴി വട്ടാലിവീട്ടിൽ എത്തിയ സമന്ദരിനെ ഒരു ധൂർത്തപുത്രന്റെ തിരിച്ചുവരവുപോലെ സിസ്റ്റർ റാമിയുടെ വൃദ്ധപിതാവ് പൈലിയും മാതാവ് ഏലീശയും സ്വീകരിച്ചു. ഇരുകരങ്ങളും സമന്ദറിന്റെ ശിരസ്സിൽവച്ച് അനുഗ്രഹിച്ചു. തങ്ങളുടെ മകളുടെ ഘാതകന്റെ ചോരപുരണ്ട കരങ്ങൾ ചുംബിച്ചു. പുല്ലുവഴി സെ. ആന്റണീസ് ദേവാലയത്തിലെ സിസ്റ്റർ റാണി മറിയം മ്യൂസിയത്തിലെ കൊലപാതകങ്ങൾ സമന്ദർ കാണാതിരിക്കാൻ സിസ്റ്റർ സെൽമ മനഃപൂർവം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ആ ചിത്രങ്ങൾ കണ്ട് തന്റെ സഹോരനായ സമന്തറിന് വേദന ഉണ്ടാകാതിരിക്കാനായി യഥാർത്ഥ ആരാധന എന്താണെന്ന് സിസ്റ്റർ സെൽമയും മാതാപിതാക്കളായ പൈലിയും ഏലീശായും സ്വന്തം ജീവിതം സാക്ഷ്യത്തിലൂടെ നമുക്കുകാണിച്ചു തരുന്നു.

പുത്രന്റെ തിരിച്ചുവരവിനെക്കുറിച്ച് ചിലപ്പോഴെല്ലാം ചിലരെങ്കിലും ചിന്തിച്ചുകാണാം. എന്താണ് ധൂർത്തപുത്രൻ അപ്പന്റെ സന്നിധിയിലേക്ക് മടങ്ങിപ്പോകാൻ പ്രേരിപ്പിച്ച ഘടകം എന്ന്. ആത്മഹത്യയെക്കുറിച്ച് അവൻ ചിന്തിച്ചതിന് തെളിവുകളില്ല. അപ്പന്റെയും മകന്റെയും ഇടയിൽ സ്നേഹത്തിന്റെ അദൃശ്യമായ ഒരു കാണാച്ചരട് നില കൊണ്ടിരുന്നിരിക്കണം.

എല്ലാം നശിപ്പിച്ച് മടങ്ങിവന്നതിന്റെ മകനെ പുതിയ അങ്കി ധരിപ്പിപ്പാനും കൈയ്ക്ക് മോതിരവും കാലിന് ചെരുപ്പും ഇടുവിപ്പാനും തടിപ്പിച്ച കാളക്കുട്ടിയെ അറുത്ത് വിരുന്നുമേശ ഒടുക്കുവാനും അപ്പന് കഴിയുന്നത് സ്നേഹത്തിന്റെ കാണാച്ചരടല്ലാതെ മറ്റെന്താണ്. കർത്താവേ, കർത്താവേ എന്നു വിളിച്ചു പ്രാർത്ഥിക്കുന്നവർ വി. കുർബ്ബാനയിൽ ധ്യാനങ്ങളിൽ പങ്കെടുക്കുന്നവർ സ്നേഹത്തിന്റെ ഈ കാണാച്ചരടിലൂടെ പിതാവായ ദൈവവുമായിട്ടുള്ള ബന്ധവും സഹജീവികളോടുള്ള ബന്ധവും നിലനിർത്തുമ്പോഴാണ് ദൈവത്തെ യഥാർത്ഥമായി ആരാധിക്കുന്നത്.

---

## അറിയിപ്പ്

മാസിക സാമ്പത്തിക ബുദ്ധിമുട്ടിലായതിനാൽ
വരിസംഖ്യ അടച്ചും സംഭാവന നൽകിയും പുതുതായി
വരിക്കാരായും സഹായിക്കുക... സഹകരിക്കുക...
മാനേജിംഗ് എഡിറ്റർ

---

വാർത്തകൾ, ലേഖനങ്ങൾ, ചെറുകഥ തുടങ്ങിയവ
യഥാസമയം
എഡിറ്റർ അലക്സാണ്ടർ കാരയ്ക്കാട്, യൂക്കൂബ്യൻ
മാസിക, കാരയ്ക്കാട്, പി.ഒ., പിൻ 689504, ചെങ്ങന്നൂർ എന്ന
വിലാസത്തിൽ അയച്ചുതരിക

# പെന്തിക്കൊസ്തിക്കുശേഷം രണ്ടാം ഞായറാഴ്ച

(ലൂ: 6:12–23; മർക്കോ. 3:7–19; 4:2123; മത്താ. 10:34–11:1)

ഈ ഞായറാഴ്ചയുടെ സന്ധ്യയുടേയും പ്രഭാതത്തിന്റേയും വായനകളിൽ കർത്താവ് തന്റെ ശിഷ്യന്മാരിൽ നിന്ന് പന്ത്രണ്ടുപേരെ പ്രത്യേകം തിരഞ്ഞെടുത്ത് അവർക്ക് ശ്ളീഹന്മാർ എന്നു പേർ നല്കി.

വി. കുർബാനയുടെ ഏവൻഗേലിയോനിൽ കർത്താവിനുവേണ്ടി തന്നത്താൻ ത്യജിക്കന്നതിനെക്കുറിച്ചും, സ്വന്ത ജീവനേക്കുറിച്ചു കരുതുന്നവനേക്കുറിച്ചും, നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. ഒരു ശിഷ്യന്റെ നാമത്തിൽ ഒരു പാത്രം വെള്ളമെങ്കിലും കുടിപ്പാൻ കൊടുക്കുന്നവന്റെ കൂലി ഒരു നാളും നഷ്ടപ്പെടുകയില്ലെന്നു കാണുന്നു.

കർത്താവ് പന്ത്രണ്ടു അപ്പോസ്ഥോലന്മാരെ തിരഞ്ഞെടുത്തവരിൽ യൂദാ ഈസ്കറിയോത്താ മാത്രം തെറ്റിപ്പോയി. അത് കർത്താവിന് തിരഞ്ഞെടുക്കുന്ന കാര്യത്തിൽ പറ്റിയ അബദ്ധമല്ല. പ്രവചനങ്ങളുടെ നിവർത്തിക്കും, കർത്താവിനെ ഒറ്റിക്കൊടുക്കുന്നതും ക്രൂശുമരണവും സ്വാഭാവികമായി സംഭവിപ്പാനും ഇതെല്ലാം ആവശ്യമായിരുന്നു. ചരിത്രസംഭവങ്ങളെ സ്വാഭാവികമായി ദൈവം ക്രമീകരിക്കയാണ്.

അവർ സർവവും ഉപേക്ഷിച്ച് കർത്താവിനെ അനുഗമിച്ചവരായിരുന്നു. പത്രോസ് തന്റെ ഭാര്യയെപോലും ഉപേക്ഷിച്ചുയെന്ന് വിശ്വസിപ്പാൻ ന്യായമുണ്ട്. ഒരുവനെ തന്റെ ഭവനത്തിലുള്ളവരുമായി ഭിന്നിപ്പിക്കാനാണ് കർത്താവ് വന്നതെന്നു പറയുന്നത് ഈ അർത്ഥന്മാരേയും മറ്റും ഉപേക്ഷിക്കുന്നവർക്ക് വലിയ ഭാഗ്യങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. അത് ഇഹലോകത്തിലും പരലോകത്തിലും ലഭിക്കും. അപ്പോസ്ഥോലന്മാർക്ക് സ്വർഗ്ഗത്തിൽ പന്ത്രണ്ടു സിംഹാസനങ്ങളിന്മേലിരുന്ന് ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെ ന്യായം വിധിക്കുവാനുള്ള ഭാഗ്യം വാഗ്ദാനം ചെയ്തു. ഭൗമിക സിംഹാസനങ്ങളല്ല അവർക്ക് കർത്താവ് ഉദ്ദേശിച്ചത് അദൃശ്യമായ ഒരു രാജ്യത്തിൽ യഹൂദന്മാരുടെ രാജാവായിട്ടാണ് കർത്താവ് വന്നത്. തന്റെ അപ്പോസ്ഥോലന്മാരും അത്തരം രാജ്യത്തിലെ മന്ത്രിമാരായിട്ടാണ് ഭരിപ്പാനുദ്ദേശിച്ചത്.

ലോകം അവരെ കൈക്കൊൾവാൻ അയോഗ്യമായിരുന്നു. അവർ ലോകത്തിൽ നിന്നുള്ളവരോ ലോകത്തിനുള്ളവരോ അല്ലായിരുന്നു. അവരോ ലോകത്തിൽ നിന്നെടുക്കണമെന്നല്ല. അവരെ കാത്ത് കൊള്ളണമെന്നാണ് കർത്താവ് പിതാവിനോടുപേക്ഷിക്കുന്നത്. അവർ ലോകമെങ്ങും പോയി സുവിശേഷിക്കണമെന്ന് കർത്താവ് തന്റെ സ്വർഗ്ഗാരോഹണത്തിന് മുമ്പ് അവരെ ചുമതലപ്പെടുത്തി. "കണ്ടാലും ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടെ" എന്നു അവർക്ക് ഉറപ്പും നല്കി.

മാളികയിൽ വച്ച് കർത്താവ് ഉയർപ്പിനുശേഷം പ്രത്യക്ഷപ്പെട്ടപ്പോൾ അവരുടെ മേൽ ഊതി പരിശുദ്ധാൽമാവിനെ കൊടുക്കുകയും, കെട്ടുവാനും അഴിക്കുവാനും അധികാരം കൊടുക്കുകയും ചെയ്തു. സെഹിയോൻ മാളികയിൽ വച്ച് സ്വർഗ്ഗാരോഹണശേഷം പരിശുദ്ധാൽമാവിനെ ഇറക്കി കൊടുത്ത് അവരെ കൂടുതലായി പ്രകാശിപ്പിക്കയും പൂർണ്ണരാക്കുകയും ചെയ്തു.

അവർക്ക് അശുദ്ധാൽമാക്കളെ പുറത്താക്കുവാനും രോഗങ്ങൾ സൗഖ്യമാക്കുവാനും വരം നല്കി. അവർ കർതൃനാമത്തിൽ വളരെ അത്ഭുതങ്ങൾ ചെയ്തു. മരിച്ചവരെ ഉയർപ്പിക്കയും ഭൂതങ്ങളെ പുറത്താക്കയും രോഗികളെ സൗഖ്യപ്പെടുത്തുകയും ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കയും ചെയ്തു. കർത്താവിന്റെ ശക്തി അവരോടു കൂടെയുണ്ടായിരുന്നു. അവർ ലോകത്തിന്റെ നാനാഭാഗങ്ങളിലും പോയി സുവിശേഷമറിയിച്ചു, വിശ്വസിച്ചവരെ പിതാവിന്റെയും പുത്രന്റേയും പരിശുദ്ധാൽമാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തി സഭയോടു ചേർത്തു. പെന്തിക്കൊസ്തിയുടെ ദിവസത്തിൽ പത്രോസിന്റെ ഒരു പ്രസംഗം കേട്ടുമാത്രം മൂവായിരം പേർ സഭയോടു ചേർന്നു.

വി. തോമസ് അപ്പോസ്ഥോലൻ നമ്മുടെ രാജ്യത്തേക്ക് വന്ന് ക്രിസ്തീയ സുവിശേഷം അറിയിച്ച് ജാതികളെ സ്നാനപ്പെടുത്തി സഭ സ്ഥാപിച്ചു. അദ്ദേഹം ഏഴു പള്ളികൾ സ്ഥാപിച്ചു. അപ്പോസ്ഥോലന്മാരും അറിയിപ്പുകാരും ലോകത്തിന്റെ പല സ്ഥലങ്ങളിൽ സഭ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ ഒരു അപ്പോസ്ഥോലനാണ് സഭ സ്ഥാപിച്ചതെന്നുള്ളതുകൊണ്ട് ഇത് അപ്പോസ്ഥോലിക പാരമ്പര്യമുള്ള സഭയെന്നു പറയപ്പെടുന്നു. ഈ കാര്യംപറഞ്ഞ് അഭിമാനം കൊണ്ടാൽ മാത്രം പോര. ഒരു സഭയെന്ന നിലയിൽ ജാതികളുടെ മുമ്പാകെ നമ്മൾ നല്ല മാതൃക കാണിച്ചു കൊടുക്കണം.

കർത്താവിൽനിന്ന് ശക്തിപുറപ്പെട്ടു പലരേയും സൗഖ്യമാക്കിയിരുന്നതിനാൽ തന്നെ തൊടാൻ വേണ്ടി ആളുകൾ തമ്മിൽ തിക്കി ചിലർ മറ്റുള്ളവരുടെ മേൽ മറിഞ്ഞു വീഴുവാൻ തുടങ്ങി. ഫുനിക്യായിലെ ഒരു സുറിയാക്കാരി ഒരിക്കൽ കർത്താവിന്റെ വസ്ത്രത്തിന്റെ അറ്റം പിന്നിൽ നിന്ന് തൊട്ട് രക്തവാർച്ചയിൽ നിന്നു സുഖപ്പെടുകയും കർത്താവ് തിരിഞ്ഞ് എന്നെ തൊട്ടതാര് എന്നിൽ നിന്ന് ശക്തി പുറപ്പെട്ടു എന്നു പറകയും ചെയ്തിട്ടുണ്ട്. താൻ അറിയാതെ തന്നെ തന്റെ ദിവ്യത്വം അന്യരിലേക്ക് പുറപ്പെടുവാൻ തക്കവണ്ണമുള്ളതായിരുന്നു. ആ ദിവ്യത്വം എത്രയോ ആരാദ്ധ്യമാണ്. ആമ്ശീഹായെ വി. കർബാനുയിൽ നമ്മൾ അനുഭവിക്കയാണ്. അത് അനുഭവിക്കന്നത് വൈദ്യത്തിനും പാപമോചനത്തിനും മതിയായതാണ്.

വി. കുർബാനയുടെ ഏവൻഗേലിയോനിൽ തന്റെ സ്വന്ത പ്രാണനേക്കുറിച്ച് കരുതുന്നവൻ അത് നഷ്ടപ്പെടുത്തുമെന്നും, അതിനെ കർത്താവിനെ പ്രതി നഷ്ടപ്പെടുത്തുന്നവൻ അതിനെ കണ്ടെത്തുമെന്നും കാണുന്നു. അപ്പോസ്ഥോലന്മാർ അപ്രകാരം ചെയ്തവരാണ് ശിഷ്യന്മാരോട് കർത്താവ് കല്പ്പിച്ചു. നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു, എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു എന്നും ഒരു ശിഷ്യന്റെ നാമത്തിൽ ഒരു പാത്രം പച്ചവെള്ളമെങ്കിലും കൊടുക്കുന്നവന് അവന്റെ കൂലി ഒരു നാളും നഷ്ടപ്പെടുകയില്ല എന്നുമത്രെ.

കർത്താവിന്റെ നാമത്തിൽ വേല ചെയ്യുന്നവരെ സഹായിക്കുന്നവർക്ക് പ്രതിഫലമുണ്ടെന്നുള്ള വാഗ്ദാനം നമ്മൾ

മറക്കരുത്. ആൽമീക സേവനമനുഷ്ഠിക്കുന്ന സുവിശേഷ പ്രവർത്തകരെ നമ്മൾ സഹായിക്കണം ബഹുമാനിക്കണം, ശുശ്രൂഷിക്കണം. "പ്രവാചകനെ പ്രവാചകന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ പ്രവാചകന്റെ കൂലി പ്രാപിക്കുന്നു" എന്നും കർത്താവരുളി ചെയ്തിട്ടുണ്ട്.

നമ്മളും ചെറിയ തോതിലെങ്കിലും വലിയ തോതിലെങ്കിലും കർതൃസുവിശേഷം ഘോഷിപ്പാൻ വിളിക്കപ്പെട്ടവരും അതിനു സഹായിപ്പാൻ കടപ്പെട്ടവരുമാണ്.

പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായറാഴ്ച

**(മാർക്കോ. 6:4-13; ലൂക്കോ. 9:1-11ച യോഹ. 6:35-46)**

ഈ ഞായറാഴ്ച സന്ധ്യയുടെ ഏവൻഗേലിയോനിലും പ്രഭാതത്തിന്റെ ഏവൻഗേലിയോനിലും കർത്താവ് പന്ത്രണ്ട് ശ്ലീഹന്മാരെ അധികാരം നല്കി പറഞ്ഞയക്കന്നതായും അവർ ഭൂതങ്ങളെ പുറത്താക്കുകയും രോഗങ്ങളെ സൗഖ്യമാക്കുകയും ചെയ്യുന്നതായും നാം കാണുന്നു. അതുകണ്ട് ചിലർ ഏലിയാ എഴുന്നേറ്റിരിക്കുന്നു, അതല്ല, യോഹന്നാൻ സ്നാപകൻ വീണ്ടും വന്നിരിക്കുന്നു എന്നൊക്കെ പറവാൻ തുടങ്ങി.

ശിഷ്യന്മാർ തങ്ങൾ ചെയ്ത കാര്യങ്ങളെക്കുറിച്ച് കർത്താവിന്റെയടുക്കൽ മടങ്ങിവന്ന് വിവരിച്ചുകേൾപ്പിച്ചു. കർത്താവ് അവർക്ക് ഉപദേശം കൊടുത്തു. "നിങ്ങൾ വഴിക്ക് ഒന്നും കരുതരുത്, പണമോ ഭക്ഷണമോ രണ്ട് വസ്ത്രങ്ങളോ കരുതരുത്." ഏതെങ്കിലും സ്ഥലത്തു ചെന്നാൽ തരുന്ന ഭക്ഷണം കഴിക്കുക. അവിടെ ഒരു വീട്ടിൽ താമസിച്ചാൽ അവിടെതന്നെ താമസിക്കുക, മാറി മാറി താമസിക്കരുത്. വേലക്കാരൻ കൂലിക്ക് അർഹനാണ്. കർത്താവിന്റെ വേല ചെയ്വാൻ പുറപ്പെടുന്നവർക്കെല്ലാം ഈ ഉപദേശങ്ങൾ ബാധകമാണ്. എനിക്കെന്തുകിട്ടും, എന്തുതരും, ഇന്നത് കിട്ടണം എന്ന് ആത്മീക ശുശ്രൂഷയിലേർപെട്ടിരിക്കുന്നവർ ചിന്തിക്കയോ പറകയോ ആകലപ്പെടുകയോ ചെയ്യരുത്. എന്നാൽ ഇന്നത്തെ സ്ഥിതി അതാണോ എന്നറിവില്ല.

വി. കുർബ്ബാനയുടെ ഏവൻഗേലിയോനിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന അപ്പമാകുന്നു എന്ന് പറഞ്ഞപ്പോൾ യഹൂദന്മാർ പിറുപിറുത്തതായി നാം കാണുന്നു. ഇവൻ യൗസേപ്പിന്റെ പുത്രനായ യേശുവല്ലയോ എന്ന് അവർ പറഞ്ഞു. യേശുവിനെക്കുറിച്ച് അവർ പറഞ്ഞത് ശരിതന്നെ. അവർ ബാഹ്യമായ വശം  മാത്രമേ കണ്ടുള്ളൂ. എന്നാൽ അവസരത്തിൽ ശീമോൻ പത്രോസിനോടു ഞാൻ ആരെണ്ണെന്നാണ് നിങ്ങൾ പറയുന്നത് എന്നു ചോദിച്ചപ്പോൾ "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനാകുന്നു" എന്നു പറഞ്ഞു. അതിന് കർത്താവ് "ശീമോനെ, ജഡരക്തങ്ങളല്ല നിനക്കിതു വെളിപ്പെടുത്തി തന്നത് സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ" എന്ന് പറഞ്ഞു. ജഡീക കണ്ണുകൾകൊണ്ടു നോക്കുന്നവൻ യൗസേഫിന്റെ പുത്രനായ യേശുവിനെയത്രെ കാണുന്നത്.

കർത്താവിന്റെ ദിവ്യത്വം കാണ്മാൻ നമ്മുടെ ആത്മീക കണ്ണുകൾ തുറക്കപ്പെടണം. അതിനായി സ്വയം ശുദ്ധീകരിക്കാം, ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യാം.

ജീവന്റെ അപ്പമായ കർത്താവിന്റെ ശരീരരക്തങ്ങൾ അപ്പത്തിലും വീഞ്ഞിലും കർത്താവ് സ്ഥാപിച്ചുതന്നു. അപ്പം തന്റെ ശരീരവും വീഞ്ഞു തന്റെ രക്തവുമാണെന്ന് കർത്താവ് പറഞ്ഞു.

അപ്പം പുളിപ്പുള്ളതായിരിക്കണം. പുളിപ്പ് ജീവനെ സൂചിപ്പിക്കുന്നു. പുളിപ്പുള്ളതു തന്നെയാണ് വീഞ്ഞും. അതും ജീവനുള്ളതാണ്. വെറും മുന്തിരിങ്ങാ പിഴിഞ്ഞ് പുളിക്കാതെ ഉപയോഗിച്ചാൽ പോരാ. അങ്ങനെ വിശ്വസിക്കുന്നവരുമുണ്ട്. അത് തെറ്റാണ്. കർത്താവ് ഉപയോഗിച്ചത് "ലഹ്മോ" (പുളിപ്പുള്ള) അപ്പമാണ് പത്തിറായല്ല, വീഞ്ഞു (പുളിപ്പുള്ളത്) തന്നെയാണ് മുന്തിരിച്ചാറല്ല.

കോതമ്പുകൊണ്ടുള്ള അപ്പമാണ് എന്നുള്ളത് ഒരു സവിശേഷതയാണ്. ഗോതമ്പു ലോകത്തിലെ ധാന്യങ്ങളിൽ വെച്ച് ശ്രേഷ്ഠമാണ്. മുന്തിരിയിൽ നിന്നുള്ള വീഞ്ഞെടുത്തത് ഒരു വിശേഷതയാണ്, എന്തെന്നാൽ മുന്തിരി സകല സസ്യങ്ങളിലുംവച്ച് ശ്രേഷ്ഠമാണ്.

തങ്ങളുടെ ആരാധനമൂർത്തിയായവന്റെ ശരീര രക്തങ്ങൾ അനുഭവിച്ച് അവന്റെ ദിവ്യശക്തി പ്രാപിക്കുകയും, അവ കൂട്ടമായി അനുഭവിച്ച് തമ്മിൽ കൂട്ടായ്മയിൽ വളരുകയും ചെയ്യുകയെന്ന തത്വം ക്രിസ്തുവിന് ആയിരമായിരം സംവത്സരങ്ങൾക്ക് മുമ്പ് മുതലേ കിരാത വർഗ്ഗക്കാരുടെ മതങ്ങളിൽ അടിഞ്ഞു കിടന്നിരുന്ന തത്വമാണ്. ആ തത്വം വിട്ടുകളയാതെയാണ് കർത്താവ് തന്റെ ആരാധകർക്ക് തന്റെ ശരീര രക്തങ്ങൾ അനുഭവിപ്പാൻ നല്കിയത്. കർത്താവിന്റെ സ്വാഭാവിക ശരീരമല്ല, അത്ഭുത ശരീരം അപ്പത്തിൽ സ്ഥാപിച്ചാണ് കർത്താവ് നല്കുന്നത്. ശരീരമാണ് ശവമല്ല നല്കുന്നത്. മരിച്ചു ജീവനില്ലാത്തതല്ല, ജീവനും രക്തവുമുള്ളത്രെ.

അപ്പവും വീഞ്ഞും വേറെ വേറെ നല്കാത്തതിനെക്കുറിച്ച് ചിലർക്ക് തെറ്റിദ്ധാരണയുണ്ട്. ശരീരം മാത്രമേ നല്കുന്നുള്ളുയെന്നു ധരിച്ച് പരിഭവിക്കുന്നവരുമുണ്ട്. വി. കുർബാനയിൽ അൻപുടയോനെ എന്ന ഗീതം ചൊല്ലുന്ന അവസരത്തിൽ മറക്കള്ളിൽ പട്ടക്കാരൻ അപ്പം മുറിച്ച് അതിൽനിന്ന് ഒരു ഖണ്ഡം എടുത്തു കാസായിലെ വീഞ്ഞിൽ മുക്കി അപ്പത്തിന്മേൽ പല പ്രാവശ്യം പുരട്ടുന്നു. വീഞ്ഞ് അപ്പത്തിൽ വലിയുന്നു. അത് ഓരോ ഘണ്ഡം അപ്പത്തിലും, ജീവനുള്ള ശരീരത്തിൽ രക്തമെന്നപോലെ വസിക്കുന്നു. ആകയാൽ ആ 'കലർത്തൽ' കഴിഞ്ഞ് വി. കുർബാന നല്കുമ്പോൾ അപ്പക്കഷണം മാത്രം നല്കിയാലും അതിൽ വീഞ്ഞുമുണ്ട്.

വി. കുർബാന കർത്താവിന്റെ ക്രൂശിലെ ബലി തന്നെയാണ്; അതിന്റെ ആവർത്തനമല്ല, തുടർച്ചയാണ്. അത് രക്താർപ്പിതമായ ബലികൾ നിർത്തി അപ്പവീഞ്ഞുകൾ കൊണ്ടുള്ള പുതിയ നിയമബലിയാണ്. ഇത് മരിച്ചവരുടേയും ജീവനുള്ളവരുടേയും രക്ഷയ്ക്കും പാപമോചനത്തിനും വേണ്ടിയുള്ള ബലിയാണ്. അത് അനുഭവിക്കുന്നവർക്ക് അത് പ്രയോജനപ്പെടുന്നു. ഒരുക്കത്തോടും സ്വയം പരിശോധന ചെയ്തും പാപങ്ങൾ മോചിക്കപ്പെട്ടും ഇതനുഭവിക്കണം. അല്ലാതെ അയോഗ്യമായനുഭവിക്കുന്നവർക്ക് ഇത് ശിക്ഷയായിത്തീരും (1 കോരി. 11:26-30).

കർത്താവിന്റെ ശരീരരക്തങ്ങൾ അനുഭവിക്കുന്നവർക്ക് അവ ജീവനും രക്ഷയ്ക്കുമായി ഭവിക്കുന്ന മാത്രമല്ല, അവ അനുഭവിക്കാത്തവർക്ക് ജീവനും രക്ഷയുമില്ല. ആകയാൽ ചിലർ വിചാരിക്കുന്നതുപോലെ അനുഭവിക്കയോ അനുഭവിക്കാതിരിക്കയോ ഇഷ്ടംപോലെ ആകാവുന്നതല്ല. എല്ലാവിശ്വാസികളും അവ അനുഭവിച്ചേ മതിയാകൂ.

ഒരുസ്രോപ്പെ മാലാഖ അഗ്നികൊടിൽ കൊണ്ട് എടുത്തുകൊടുത്തതും അതുതന്റെ അധരങ്ങളെ സ്പർശിച്ച

യാത്രാവിവരണം

# വി. ഗ്രന്ഥവും വി. നാടുകളും : കെ.ഒ. ഫിലിപ്പ് കൈപ്പട്ടൂർ

## താബോർ മല (Mount Tabor)

കാനാവിൽ നിന്നും ഞങ്ങൾ യാത്ര പോയത് താബോർ മലയിലേക്കായിരുന്നു. കാനാവിൽ നിന്ന് 14 കി. മീറ്റർ ദൂരമുണ്ട് താബോറിലേക്ക്. മസുമൂറാ പുസ്തകത്തിൽ ദൈവത്തിന്റെ കൃപകളെക്കുറിച്ച് ധ്യാനിക്കുന്ന ഏഥാന്റെ പാട്ടിൽ "താബോറും ഹെർമ്മോനും നിന്റെ നാമത്തിൽ ആനന്ദിക്കുന്നു" എന്നു കാണാം (89:12). എറമിയാ പ്രവചനത്തിലും താബോറിനെപ്പറ്റി പരാമർശം ഉണ്ട് (46:18). യഹൂദന്മാർ അതീവ പ്രാധാന്യം കൊടുക്കുന്ന ഒരു മലയാണിത്. "ഹർ-താബോർ" എന്ന് യിസ്രായേലികൾ വിളിക്കുന്ന ഈ മല ഭൂമിയിൽനിന്ന് കുത്തനെ 600 മീറ്ററോളം ഉയരത്തിൽ ഉയർന്നു നില്ക്കുന്നു. മറ്റ് മലകൾ ഒന്നും അടുത്തില്ലാത്തതിനാലും "ആകാശത്തോളം മുട്ടുന്ന" ഉയർച്ച ഉള്ളതിനാലും ഈ മലയുടെ ഗാംഭീര്യം ഒന്ന് വേറെതന്നെ. മലയുടെ അടിവാരം കുന്നും കുഴിയും ഇല്ലാത്ത സമതലപ്രദേശങ്ങൾ അവിടെയെല്ലാം ധാന്യകൃഷികൾ ധാരാളമായിട്ടുണ്ട്. പർവത ശിഖരത്തിൽ, ക്രിസ്തുവിന് മുമ്പ് ജനവാസം ഉണ്ടായിരുന്നതായി ചരിത്രകാരന്മാർ പറയുന്നു. അന്തിയാക്കസ് ബി.സി. 218 ൽ ഈ സ്ഥലം കീഴടക്കി. അവിടെ വൻമതിൽ പണിതു. പിന്നീട് യഹൂദന്മാരുടെ കൈവശം വന്നുചേർന്നു. അതിനുശേഷം റോമാക്കാരുടെ കൈവശത്തിലും ബിംബാരാധന നടത്തിയിരുന്ന ഒരു സ്ഥലവും കൂടിയായിരുന്നു ഇത്. താബോർ മലയുടെ മുകളിൽ നിന്നാൽ, ഹെർമ്മോൻ പർവ്വതവും മറ്റ് ചുറ്റുമുള്ള ദേശങ്ങളും കണ്ണെത്താത്ത ദൂരത്ത് കാണുവാൻ കഴിയും.

ശ്ലീഹന്മാരിൽ 3 പേരെയും കൂട്ടി, യേശു താബോർ മലയിൽ യറുശലേമിൽ വരുവാനിരിക്കുന്ന തന്റെ കുരിശ് മരണം സംബന്ധിച്ച് പിതാവിനോട് പ്രാർത്ഥിക്കുവാൻ പോയി (മത്തായി. 17:1-8). അവൻ രൂപാന്തരപ്പെട്ടു. അവന്റെ മുഖവും വസ്ത്രങ്ങളും മിന്നിത്തിളങ്ങി. ക്രിസ്തുവിന് 1450 വർഷം മുമ്പ് മരിച്ചുപോയ മോശയും, 896 വർഷം മുമ്പ് ഈ ലോകത്തു നിന്നും സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട ഏലിയായും കർത്താവുമായി സംഭാവിക്കുന്നു. മരിച്ചവർ എങ്കിലും സജീവർ. അവർ മൗനതയിലല്ല; എല്ലാം അറിയുന്നു. എല്ലാം കേൾക്കുന്നു; സംഭവിപ്പാനിരിക്കുന്നതിനെപ്പറ്റിയും കർത്താവുമായി ചർച്ച ചെയ്യുന്നു. മോശയും ഏലീയാവും വാങ്ങിപ്പോയവരെ പ്രതിനിധീകരിക്കുന്നു എന്ന് വ്യാഖ്യാനിക്കപ്പെടുന്നു. അവന്റെ മഹത്വത്തിന്റെ ദൃക്സാക്ഷിയാണ് താനെന്ന് നിസ്സംശയം പത്രോസ് തന്റെ രണ്ടാം ലേഖനത്തിൽ ഊന്നിപറയുന്നുണ്ട് (1:16-18 വാക്യങ്ങൾ). "മരിച്ചവരും, [1]അന്ധകാരത്തിലേക്ക് ഇറങ്ങുന്നവരുമല്ല കർത്താവിനെ സ്തുതിക്കുന്നത്..." (മസുമൂർ 114:24) എന്ന് തുടങ്ങുന്ന വാക്യം ഇതുമായി ബന്ധപ്പെടുത്തിവേണം വ്യാഖ്യാനിക്കാൻ. ഫിലിപ്പിന്റെ കൈസരിയായിൽവച്ച് പത്രോസുമായുള്ള സംഭാഷണത്തിന് ("നീ കേഫായാകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും..." ഇത്യാദി). ശേഷം ആറ് ദിവസം കഴിഞ്ഞാണ് ഈ സംഭവം നടക്കുന്നത്.

*അന്ധകാരം = ഹേശുക്കോ എന്ന സുറിയാനി പദത്തിന് അന്ധകാരം (Darkness) എന്നാണർത്ഥം. മൗനത എന്നല്ല. സുറിയാനി വേദപുസ്തകത്തിൽ നിന്നും വിഭിന്നമായിട്ടാണ് മറ്റ് പുസ്തകങ്ങളിൽ ഈ വാക്യം കാണപ്പെടുന്നത്. 115-ന്റെ 17-ാം വാക്യം എന്നവിടങ്ങളിൽ.*

"കടുക് മണിപോലെ വിശ്വാസം നിങ്ങൾക്ക് ഉണ്ടായിരുന്നാൽ ഈ മലയോട് ഇവിടെ നിന്ന് മാറുവാൻ നിങ്ങൾക്ക് പറയാം. അത് മാറുക തന്നെ ചെയ്യും" (മത്തായി. 17:20) എന്ന് കർത്താവ് പറഞ്ഞത്, ഈ മലയെ ചൂണ്ടിക്കാണിച്ചുകൊണ്ടായിരുന്നു.

താബോർ മലയ്ക്ക് മറുരൂപ മല എന്നും പേരുണ്ട്. ഞങ്ങൾ മൂന്ന് കുടിലുകൾ ഉണ്ടാക്കട്ടെയെന്ന് പത്രോസ് പറഞ്ഞ സ്ഥലത്ത് ആദ്യനൂറ്റാണ്ടിൽ, മൂന്ന് പള്ളികൾ ഉണ്ടായിരുന്നു. മോശയുടെയും, ഏലിയാവിന്റെയും നാമത്തിൽ ഓരോന്ന്, കൂടാതെ ഒരു ദയറായും. ഇന്ന് അവിടെ "മറുരൂപപ്പള്ളി" (Transfiguration Church) എന്നൊരു ദൈവാലയമാണ് ഉള്ളത്. എ.ഡി. 325 ൽ കുസ്തന്തീനോസ് ചക്രവർത്തിയും, അതിനുശേഷം ഗ്രീക്ക് ഓർത്തഡോക്സ്കാരും ഒരു പള്ളി അവിടെ പണിതു. ഇപ്പോൾ കാണപ്പെടുന്ന "മറുരൂപപ്പള്ളി" റോമാസഭയിലെ ഫ്രാൻസിസ്കൻ സന്യാസ സമൂഹത്തിന്റെ അധീനതയിലും കൈവശത്തിലും ആണ്. യേശുവിന്റെ ഈ ദർശനത്തെ

---

പ്പോൾ തന്റെ അകൃത്യങ്ങളും പാപങ്ങളും മോചിക്കപ്പെട്ടതുമായി ഏശായാ ദീർഘ ദർശി ദർശനത്തിൽ കണ്ടത് ഇതുതന്നെയാണ്. മാലാഖമാർ കൈകൊണ്ടടുക്കാൻ ഭയന്ന വി. രഹസ്യങ്ങൾ ഇന്ന് വൈദീക അനുവാദത്താൽ മണ്മയരായ പട്ടക്കാർ കൈകൊണ്ട് എടുത്തനുഭവക്കയും കൊടുക്കയും ചെയ്യുന്നു!

ഇവ അനുഭവിക്കാൻ വരുന്നവർ ഒരുക്കത്തോടും ആത്മശരീര മനസ്സുകളുടെ വെടിപ്പോടും തലേരാത്രി മുതൽ ഒന്നും തിന്നാതെയും കുടിക്കാതെയും ഉപവാസത്തോടും കൂടെവേണം. കാപ്പിയും കുടിച്ചുകൊണ്ട് വന്നു അനുഭവിക്കരുത്.

യുദസ്കറിയാത്താ അയോഗ്യമായി കർത്താവിന്റെ തിരുവത്താഴത്തിൽ പങ്കുകൊണ്ടു അവന് അത് ശിക്ഷാവിധിക്കായിതീർന്നു. നമ്മൾ അതുപോലെയാകാതെ കർത്താവിന്റെ മറ്റു അപ്പോസ്തോലന്മാരുടെ ഭാഗ്യത്തിനർഹരാകാൻ തക്കവണ്ണം ശ്രമിക്കയും, തന്നത്താൻ ശുദ്ധീകരിക്കയും വേണം.

അനുസ്മരിച്ച് സുറിയാനി സഭ ആഗസ്റ്റ് 6-ാം തീയതി കൂടാരപ്പെരുന്നാൾ ആചരിക്കുന്നു.

ദെബോര (Deborah) എന്ന പ്രവാചകി (Prophetess) താബോർ മലയുടെ അടിവാരത്തിലാണ് താമസിച്ചിരുന്നത്. ആ പ്രദേശം, ഞങ്ങളുടെ ഗൈഡ് കാണിച്ചുതന്നു. "ആ കാലത്ത് ലപ്പീദോത്തിന്റെ ഭാര്യയായ ദെബോര എന്ന പ്രവാചകി യിസ്രായേലിൽ ന്യായപാലനം ചെയ്തു. അവർ എഫ്രയീം പർവതത്തിൽ രാമെക്കും ബെഥേലിനും മദ്ധ്യേയുള്ള ദെബോരായുടെ ഈന്തപ്പനയുടെ കീഴിവ് പാർത്തിരുന്നു." എഫ്രയീം ഗോത്രത്തിൽപ്പെട്ട ദെബോരായുടെ അടുക്കൽ യിസ്രായേൽ മക്കൾ ന്യായവിസ്താരത്തിനായി ചെല്ലുക പതിവുണ്ടായിരുന്നു (ന്യായാധി. 4:4-5). താൻ യിസ്രായേലിന്റെ മാതാവെന്ന് സ്വയം വിശേഷിപ്പിച്ചിരിക്കുന്നതും ശ്രദ്ധിക്കുക. ന്യായാധിപന്മാരുടെ 5-ാം അദ്ധ്യായം മുഴുവനും ദെബോരായുടെ കീർത്തനം ആണ്. ദെബോര എന്നതിന് ചിത്രശലഭമെന്നും തേനീച്ചയെന്നും അർത്ഥമുണ്ട്.

താബോർ എന്നൊരു സ്ഥലത്തെപ്പറ്റി 1 ദിന. 6:77 ൽ പറയുന്നുണ്ട്. ഈ സ്ഥലവും, താബോർ മലയുമായി ബന്ധമൊന്നുമില്ലെന്നും എന്നാൽ യോശുവാ 19:22, ന്യായാ. 8;18 എന്നിവിടങ്ങളിൽ കാണുന്ന താബോർ, ഈ മലയുമായി ബന്ധമുള്ളതാണെന്നും വേദചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

ചിതറിപ്പോയ യഹൂദ ജനതയിൽ, ചിലർ, താബോർ മലയുടെ താഴ്‌വരകളിൽ വന്ന് താമസമുറപ്പിച്ചിട്ടുണ്ട്. ദീർഘദർശിമാരുടെ പ്രവചനങ്ങൾ ഇവിടെ പൂർത്തീകരിക്കുന്നതായി നമുക്ക് കാണാം. ഏശായാ ദീർഘദർശി ഇപ്രകാരം പ്രവചിക്കുന്നു. "... ഇപ്പോഴെ യാക്കോബേ നിന്നെ സൃഷ്ടിച്ചവനും, യിസ്രായേലേ നിന്നെ നിർമ്മിച്ചവനുമായ കർത്താവ് ഇപ്രകാരം കല്പിക്കുന്നു. ഭയപ്പെടേണ്ട, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു. ഞാൻ നിന്നെ പേര് ചൊല്ലി വിളിച്ചിരിക്കുന്നു... നിന്റെ സന്തതിയെ ഞാൻ കിഴക്കുനിന്ന് വരുത്തുകയും, പടിഞ്ഞാറ് നിന്ന് നിന്നെ ശേഖരിക്കുകയും ചെയ്യും. ഞാൻ വടക്കിനോട് "തരിക" എന്നും, തെക്കിനോട് "തടഞ്ഞുവക്കെരുതെന്നും" കല്പിക്കും. ദൂരെനിന്ന് എന്റെ പുത്രന്മാരെയും ഭൂമിയുടെ സീമയിൽ നിന്ന് എന്റെ മഹത്വത്തിനായി സ്രഷ്ടിച്ച് നിർമ്മിച്ചിരിക്കുകുയം ചെയ്ത ഏവരെയും കൊണ്ടുവരിക എന്നു ഞാൻ കല്പിക്കും" (ഏശായാ. 43:1-7). ഈ വാഗ്ദത്തം നിറവേറപ്പെട്ടുകൊണ്ടിരിക്കുന്നു.

വീണ്ടും, "എന്റെ ദാസനായ യാക്കോബേ, ഭയപ്പെടേണ്ട, വിദൂരത്തിൽനിന്ന് നിന്നെയും നിന്റെ സന്തതിയെയും ഞാൻ രക്ഷിക്കും. യാക്കോബ് സ്ഥിരവാസം ചെയ്യും. സ്വൈര്യമായിരിക്കും... നിന്നെ ചിതറിച്ചു കളഞ്ഞ ജാതികൾക്കെല്ലാം ഞാൻ നാശം വരുത്തും. എന്നാൽ നിന്നെ ഞാൻ നശിപ്പിക്കുകയില്ല." എന്ന എറമിയാ പ്രവചനവും (30-ാം അദ്ധ്യായം 10,11 വാക്യങ്ങൾ), യഹൂദജാതിയുടെ സ്വരാജ്യത്തിലേക്കുള്ള തിരിച്ചുവരവിനെപ്പറ്റിത്തന്നെ. യിസ്രായേലിന്റെ ഒത്തുചേരൽ എന്നവണ്ണം യഹൂദ ജനത പലരാഷ്ട്രങ്ങളിൽ നിന്നും തിരിച്ച് വന്ന് പുനരധിവാസം ഉറപ്പിച്ചു കഴിഞ്ഞു. തങ്ങൾ യഹൂദരാണെന്ന് ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തണം എന്നുമാത്രം. ഇപ്രകാരമുള്ള ധാരാളം കോളനികൾ ഞങ്ങൾ അവിടെ കണ്ടു. 12.30 ന് താബോർ മലയുടെ അടിവാരത്തു നിന്ന് ഞങ്ങൾ നയീൻ വഴി യോർദ്ദാൻ നദിയിലേക്ക് യാത്രയായി.

**നയീൻ (Nain)**

താബോർ മലയിൽനിന്നും മൂന്ന് കി. മീറ്റർ തെക്കായി കാണുന്ന ഒരു സ്ഥലമാണ് നയീൻ. ലൂക്കോസ് 7:11-17 ലെ സംഭവം നടന്നതിവിടെയാണ്. നയീൻ പട്ടണവാതിൽക്കൽവച്ച് യേശു മരിച്ചുപോയ ഒരുവനെ, അവന്റെ ശവമഞ്ചം തൊട്ട് ജീവിപ്പിച്ചു. അടക്കത്തിനായി നഗരത്തിന് പുറത്തേക്ക് കൊണ്ടുപോയ മൃതൻ, ജീവിച്ചെഴുന്നേറ്റ് സംസാരിക്കുന്നു. അമ്മയ്ക്ക് ഏകജാതനായിരുന്നു മരിച്ചയാൾ. അമ്മയോ വിധവയും യേശു അവളെ ആശ്വസിപ്പിക്കുന്നു. മരിച്ചവനെ ഉയർപ്പിച്ച വസ്തുത യഹൂദ്യയിലും, ചുറ്റുമുള്ള പ്രദേശങ്ങളിലും അറിയാൻ ഇടയായി. വെറും തച്ചനെന്ന് വിശ്വസിച്ചിരുന്നവർ, യേശു പ്രവാചകനാണെന്നും, ദൈവപുരുഷനാണെന്നും സമ്മതിക്കുവാൻ നയീൻകാർക്ക് ഈ സംഭവം ഇടയാക്കി. മരണത്തിന്മേൽ യേശുവിനുള്ള അധികാരത്തെ ഈ അത്ഭുത പ്രവൃത്തി സൂചിപ്പിക്കുന്നു. സുറിയാനി സഭയിൽ വലിയ നോമ്പിന്റെ 5-ാം ഞായറാഴ്ച പ്രഭാതത്തിൽ ഈ വചനങ്ങൾ വായിച്ചു ധ്യാനിക്കുന്നു.

**മോരെ പർവതം (Mount Mere)**

നയീൻ പട്ടണത്തിൽ നിന്ന് മൂന്ന് കി. മീറ്റർ തെക്കാണ് മോരെ പർവതം (Mount Mere). ഗിൽബോവ മലയ്ക്ക് പതിനഞ്ച് കി. മീറ്റർ വടക്കായി കാണുന്നതും ഇപ്പോൾ ജബേൽ ദേഹി എന്ന പേരിൽ അറിയപ്പെടുന്നതുമായ സ്ഥലമാണിത്. മോരേം കുന്നിന്നരികെയുള്ള താഴ്‌വരയിൽവച്ച് ഗിദയോൻ എന്ന യെരുബാലും മിദാന്യരും തമ്മിൽ യുദ്ധമുണ്ടായതായി ന്യായാധിപന്മാരുടെ പുസ്തകം 7-ാം അദ്ധ്യായത്തിൽ വായിക്കുന്നു.

വി. ഗ്രന്ഥത്തിൽ മോരെ എന്നൊരു സ്ഥലത്തെപ്പറ്റിയും പരാമർശിക്കുന്നുണ്ട്. (മോശയുടെ ആദ്യപുസ്തകത്തിൽ) എന്നാൽ ഈ മോരെ എന്ന സ്ഥലവും മോരെ പർവതവും തമ്മിൽ ബന്ധമൊന്നുമില്ല. മോരെ എന്ന സ്ഥലവും, മോരെ പർവതവും തമ്മിൽ ബന്ധമൊന്നുമില്ല. മോരെ ശേഖേമിന് (Shechem) അടുത്താണ്. അബ്രഹാം അവിടെ ദൈവത്തിന് ഒരു യാഗപീഠം പണിതു (ആദ്യപുസ്തകം 12:7). ശേഖേമിന് അടുത്തുള്ള [8]കുരുവേലകം എന്ന് പറയുന്നത് (ആദ്യപുസ്തകം 35:4) ഈ മോരെ പ്രദേശത്താണ്. യാക്കോബാ വിഗ്രഹം കുഴിച്ചിട്ടതും ഈ കുരുവേലകത്തിൽ കീഴിലായിരുന്നുവല്ലോ.

*കുരുവേലകം = ടർപ്പന്റൈൻ വൃക്ഷം*

# "അന്തിക്രിസ്തു" അഥവാ ദൈവനിഷേധം

## "പിതാവിനേയും പുത്രനേയും നിഷേധിക്കുന്നവൻ" 1 യോ: 2:22

ബൈബിളിന്റെ മധ്യത്തിൽ ദൈവത്തേയും മനുഷ്യനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു വാക്യമാണ് "മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നന്ന്" എന്ന് (സങ്കീ: 118:8). ദൈവത്തിൽ ആശ്രയിക്കുന്ന എന്നു പറയുമ്പോൾ ഒരുവൻ ദൈവാശ്രയത്തിൽ ദൈവകല്പനകൾ അനുസരിച്ചു ജീവിതം നയിക്കുക എന്നുള്ളതാണ് സാരം. നാം ആശ്രയിക്കുന്ന ദൈവവചനങ്ങളോ "ഉലയിൽ ഉരുക്കി ഏഴ് പ്രാവിശ്യം ശുദ്ധിചെയ്ത വെള്ളിപോലെയും" (സങ്കീ: 12:6), "തികവുള്ളതും അത് പ്രാണനെ തണുപ്പിക്കുന്നതുമാകുന്നു" (സങ്കീ: 19:7), "പ്രസ്തുത തിരുവചനങ്ങളെ വായിച്ചു കേൾപ്പിക്കുന്നവനും, ആ വചനങ്ങളിൽ പ്രകാരം ജീവിക്കുന്നവനും ഭാര്യവാന്മാർ" (വെളി: 1:3).

ദൈവത്തിന്റെ സ്വന്തം സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് ആത്മീയ ജീവിതം നയിച്ച് പൂർണതയിൽ എത്തി ആത്മാവിനെ പ്രാപിക്കുവാൻ വേണ്ട വ്യക്തമായ നിർദ്ദേശങ്ങളും, ആവശ്യമായ ആത്മീയമൂല്യങ്ങളും മാനുഷിക മൂല്യങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ടങ്കിൽ പിന്നെ ഈ ഭൂമുഖത്തു ദിനംപ്രതി ഉണ്ടാകുന്ന നവീകരണ സഭകളും കൂട്ടായ്മകളും എങ്ങനെ ഉണ്ടാകുന്നു എന്ന് ചിന്തിക്കുന്നത് ചിലരെങ്കിലും കാണുമെന്നുള്ളതിൽ സംശയമില്ല. കർത്താവിന്റെ ഇഷ്ടം അനുസരിച്ച് തന്റെ പ്രമാണങ്ങളെ ഉൾക്കൊണ്ട് ജീവിക്കുകയും തന്റെ 'കുരിശ്' ധരിക്കുന്നവരാകാതെ "വഹിക്കുന്നവരായി" (Bear the crosnot wear the cross) ആത്മീയ ഗോളത്തിൽ, സഭയിൽ പ്രവർത്തിക്കപ്പെടണം. കർത്താവായ യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് ഉപദേശാനുസരണം ഭൂലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽപോയി സുവിശേഷം ഘോഷിപ്പാൻ പറഞ്ഞയക്കുകയും സുവിശേഷഘോഷണം സംയമന സഹനത്തിൽകൂടി ശിഷ്യന്മാർ നിർവഹിച്ച് ആത്മീയ നിർവൃതി അടഞ്ഞവരാണ്. അതിന്റെ തുടർയേന്നോണം ഇന്നും സുവിഷശേഷ വേലയ്ക്കുവേണ്ടി ക്രിസ്തീയ കൂട്ടായ്മകളും നവീകരണ സഭാഗങ്ങളും, സഭാവ്യത്യാസമില്ലാതെ പലരും പ്രസ്തുത സുവിശേഷ വേലയിൽ മുഴുകിയിരിക്കുന്നതായി കാണാം. വിശിഷ്യാ "ഊരുചുറ്റി പ്രാർത്ഥനക്കുവേണ്ടി "കൂട്ടായ്മ"യുടെ അംഗങ്ങൾ വളരെ ഉത്സുകരായി വീടുകൾതോറും പ്രാർത്ഥന നടത്തിവരുന്നുണ്ട്.

എന്നെ (ലേഖകകനെ) ഈ ലേഖനം എഴുതുവാൻ പ്രേരിപ്പിച്ചതിന്റെ അടിസ്ഥാനവാക്യമാണ് ആമുഖമായി മേൽ ഉദ്ധരിച്ചത്.

സാധാരണ എന്റെ വീട്ടിൽ പ്രാർത്ഥനക്കാർ വരാറുണ്ട്. ഏത് കൂട്ടായ്മക്കാരോ, ഏത് സഭയിൽപ്പെട്ടവരോ, എന്നു ഞാൻ അന്വോഷിക്കാറില്ല "വിശ്വാസവും, സഭയും" പരസ്പരം ചോദിക്കുകയോ പറയുകയോ ചെയ്യാതെ ഒരു പാട്ടുപാടി പ്രാർത്ഥന കഴിഞ്ഞുവരികയാണ് പതിവ്. എന്നാൽ ഈയിടെ "സുമുഖനായ ഒരു ചെറുപ്പക്കാർ അയാൾ തിരുവനന്തപുരത്ത് സെൻട്രൽ ഗവൺമെന്റ് ഓഫിസിൽ ജോലിനോക്കുന്ന വ്യക്തിയും, ഉന്നത വിദ്യാഭ്യാസയോഗ്യത ഉള്ളവനുമാണ്, സംഭാഷണത്തിൽ നിന്നും മനസ്സിലായി ട്രയർ മാർത്തോമ്മാ വിശ്വാസിയായിരുന്നു. എന്നാൽ ഇപ്പോൾ യഹോവാസാക്ഷികൾ എന്ന കൂട്ടായ്മയിൽ വിശ്വസിച്ചുപ്രവർത്തിക്കുന്നു. യഹോസാക്ഷികൾ എന്നു ഞാൻ കേട്ടിട്ടുണ്ട്. അതിൽ പ്രവർത്തിക്കുന്ന ആളുകളെ കണ്ടിട്ടുണ്ട്. എന്നാൽ അവരുടെ പ്രവർത്തനങ്ങളിൽ പങ്കുചേരുകയോ പ്രാർത്ഥനയിൽ ഉൾട്ടെലുകയോ ചെയ്തിട്ടില്ല. മാർത്തോമ്മാ വിശ്വാസത്തിൽനിന്നും ഇപ്പോൾ "യഹോസാക്ഷികലും" കൂട്ടായ്മയിൽ പ്രവർത്തിക്കുന്നു എന്ന് കേട്ടപ്പോൾ എന്റെ മനസ്സിൽ ഇങ്ങനെയൊരു ചിന്ത കടന്നുപോയി. ഈ വ്യക്തിക്ക് നേരത്തേ കർത്താവിന്റെ അമ്മയെ വിശ്വാസമില്ലായിരുന്നു. വി. കന്യകമറിയാമിനെ മേകൂച്ചമായ രീതിയിൽ ചിത്രീകരിച്ചു "വലിച്ചെറിയുന്ന "മുട്ട"ത്തോടി"നോടു സാദൃശ്യപ്പെടുത്തി പ്രസംഗിക്കുന്നത് എനിക്ക് (ലേഖകന്) നേരിട്ട് കേൾക്കാൻ ഇടയായിട്ടുണ്ട്. നേരത്തെ മാതാവിനെ വിശ്വാസമില്ലാത്ത സഭയിൽ നില്ക്കുകയും ഇപ്പോ പിതാവിനേയും, പുത്രനേയും (യേശും).

പരിശുദ്ധാന്മാവിനേയും വിശ്വാസമില്ലാതെ പുത്രനു തുല്യമായ യഹോവയിൽ വിശ്വസിക്കുന്നുപോലും! പ്രസ്തുത വിശ്വാസത്തെ ക്രിസ്തീയ സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിന് സത്യവേദപുസ്തകവുമായിട്ട് വന്നിരിക്കുന്നത്. അവസാന നാളുകളിൽ എതിർക്രിസ്തുക്കൾ വരുമെന്ന് ഞാൻ കേട്ടിട്ടുണ്ട്, പക്ഷേ കണ്ടിട്ടില്ല. ഇപ്പോൾ എനിക്ക് നേരിട്ട് കാണുവാനും, സംസാരിക്കുവാനും ഇടയായി എന്നോർത്ത് എന്ത് ചെയ്യണമെന്നറിയാതെ ഇരിന്നുപോയി. ക്രിസ്തുവിനെ യഥോചിതം സ്വീകരിക്കുവാനും സത്യവചനങ്ങളിൽ അടങ്ങിയിരിക്കുന്ന സത്യമർമ്മങ്ങളെ ഉൾക്കൊള്ളുവാനും എനിക്ക് സാധിക്കുന്നു, സാധിച്ചിട്ടുണ്ട്. പക്ഷേ എതിർക്രിസ്തുവിനെ എങ്ങനെ സ്വീകരിക്കണമെന്നു എനിക്ക് യാതൊരു പിടിയും കിട്ടുന്നില്ല. എന്നാൽ ബൈബിളിൽ ഒരു വാക്യം കണ്ടു. അതായത് "കുഞ്ഞുങ്ങളെ ഇത് അന്ത്യനാഴികയാകുന്നു. എതിർക്രിസ്തുവരുന്നു എന്ന് കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾ അനകം 'എതിർക്രിസ്തുക്കൾ' എഴുനേറ്റിരിക്കയാൽ അന്ത്യനാഴിക ആകുന്നു എന്ന് നമുക്ക് അറിയാം" (1 യോഹ. 2:18,19).

അനേകായിരം എതിർക്രിസ്തുക്കൾ എഴുനേറ്റിട്ടുണ്ടെന്ന് വചനത്തിൽകൂടി മനസ്സിലാക്കിയപ്പോൾ ആ എഴുനേറ്റവരിൽ ഒരുവനായിരിക്കും ഈ വ്യക്തി എന്ന് സത്യത്തിൽ ഞാൻ നിശ്ചയിച്ചു. പക്ഷേ വീട്ടിൽ വരുന്ന ഒരു വ്യക്തിയെ ആ നിലയിൽ ചിന്തിക്കുവാനും പറയുവാനും എന്തെങ്കിലും കാരണമോ? തെളിവോ വേണ്ടേ!! ദൈവവചനത്തിൽ കൂടിയല്ലാതെ വിശ്വസിക്കാൻ എനിക്ക് (ലേഖകന്) പ്രയാസമായിരിക്കെ, വിശുദ്ധ ബൈബിളിൽകൂടി ഞാൻ ഒരു വാക്യം കണ്ടു. "പിതാവിനേയും പുത്രനേയും നിഷേധിക്കുന്നവനാണ് എതിർക്രിസ്തു" (1 യോ: 2:22) എന്ന്.

എന്റെ പ്രിയ സ്നേഹിതൻ അതിഥി ബൈബിൾ സാക്ഷിയാക്കി മുൻനിർത്തി സംഭാഷണം തുടങ്ങി. സംഭാഷണത്തിൽനിന്നും ഞാൻ മനസ്സിലാക്കിയത് പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നിവയിൽ വിശ്വാസമില്ല യഹോവയും സമാനമായി പുത്രനെ കാണുകയും



യാക്കൂബ്യൻ മാസിക പരിശുദ്ധ പാത്രിയർക്കീസ് ബാവാ നിരീക്ഷിക്കുന്നു... എഡിറ്റർ അകല്സാണ്ടർ കാരയ്ക്കാട് സമീപം

ചെയ്യുന്നു എന്ന്. ഇത്രയും കേട്ടപ്പോൾ ഞാൻ പറഞ്ഞു താങ്കൾ പറയുന്നത് സത്യത്തിൽ വേദവിപരീതമാണ്. എന്തെന്നാൽ താങ്കളുടെ കൈയിൽ ഇരിക്കുന്നത് സത്യവേദപുസ്തകമാണല്ലോ, ആ പുസ്തകം ഒന്നു കണട്ടെന്ന് പറഞ്ഞു കൈനീട്ടിയപ്പോൾ തരാൻ അല്പം മടികാണിക്കുന്നു എന്നു മനസ്സിലായിട്ട് ഞാൻ എന്റെ ബൈബിൾ എടുത്ത് തുറക്കാതെതന്നെ ചില കാര്യങ്ങൾ ആമുഖമായി പറയാൻ തുടങ്ങി. ബൈബിളിൽ കാണുന്ന വചനങ്ങൾ സത്യമാണെന്നും, ഒരു വള്ളിക്കോ, പുള്ളിക്കോ മാറ്റമില്ലന്നും, പ്രസ്തുത വാക്യങ്ങൾ ശിഷ്യന്മാർ പരിശുദ്ധ്യത്മാവിന്റെ നിയോഗത്താൽ എഴുതപ്പെട്ടതാണെന്നും പറഞ്ഞുകൊണ്ട് 1 യോഹന്നാൻ ഒന്നാം അധ്യായത്തിന്റെ ഒന്നാം വാക്യം ഞാൻ വായിച്ചു കേൾപ്പിച്ചു. "ആദിമുതലുള്ളതും, ഞങ്ങൾ കേട്ടതും, സ്വന്തം കണ്ണകൊണ്ട് കണ്ടതും, ഞങ്ങൾ നോക്കിയതും, ഞങ്ങളുടെ കൈതൊട്ടതും ആയ ജീവന്റെ വചനം-ജീവൻ പ്രത്യക്ഷമായി ഞങ്ങൾ സ്വീകരിച്ചിരിക്കുന്നു. ചുരുക്കത്തിൽ ശിഷ്യന്മാരുടെ കൂട്ടായ്മ പിതാവിനോടും, പുത്രനോടുമായിരുന്നു എന്ന് കാണുന്നു. മനുഷ്യവർഗത്തിന്റെ സന്തോഷം ആത്മീയ രംഗത്ത് പൂർത്തീകരിക്കുവാനാണ് അവൻ പ്രവർത്തിച്ചതും ജീവിച്ചതും. ഏതായാലും എന്റെ അതിഥി ഒന്നുരണ്ടു കാര്യങ്ങൾ സൂചിപ്പിച്ചിട്ട് പിന്നീട് കാണാമെന്നുപറഞ്ഞു പിരിയുകയാണ് ചെയ്തത്.

സത്യത്തിൽ പിതാവിനേയും പുത്രനേയും പരിശുദ്ധാത്മാവിനേയും വിശ്വസിക്കുന്നില്ലാ എന്നുപറയുമ്പോൾ ത്രിത്വത്തിൽ യഹോവാ സാക്ഷികൾ വിശ്വസിക്കുന്നില്ല എന്നുള്ളതാണ് സത്യം. സസന്തോഷം അല്പം കാര്യങ്ങൾ ബൈബിളിൽനിന്ന് പ്രിയമാന്യ വായനക്കാർക്കു വേണ്ടി പങ്കുവക്കുവാൻ ഉദ്ദേശിക്കുന്നു.

ക്രിസ്തുവിനെ കേൾക്കാത്തവരും അറിയാത്തവരുമായി ഈ ലോകത്തിൽ ക്രിസ്ത്യാനികൾ ഉണ്ടെന്ന് ആരും വിശ്വസിക്കുന്നില്ല. ക്രിസ്തുവിനെക്കുറിച്ച് നല്ല സാക്ഷ്യം ഇല്ലെങ്കിൽ തന്നെയും" യഹോവാ സാക്ഷികൾക്ക് വിശ്വസമില്ലാത്ത പുത്രനെക്കുറിച്ച് നമുക്ക് ബൈബിളിൽകൂടി ഒന്നു പരിശോധിക്കാം. പുത്രനെക്കുറിച്ച് വളരെ അധികം വചനങ്ങൾ വി. പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലേഖനത്തിന്റെ ദൈർഘ്യത്തെ ഭയന്ന് രണ്ടു മൂന്നു വാക്യങ്ങൾ എടുത്ത് കാട്ടട്ടെ.

1. ഈ ഭൗതീകലോകത്ത്, ആത്മീയഗോളത്തിൽ യേശുവിനെ സ്വീകരിക്കാത്ത "വഞ്ചകന്മാർ" പുറപ്പെട്ടിരിക്കുന്നു. ഈ വഞ്ചകന്മാരാണ് സത്യത്തിൽ എതിർക്രിസ്തു" (2 യോഹ:7)

2. "ക്രിസ്തുവിന്റെ ഉപദേശങ്ങളിൽ നിലനില്ക്കാതെ ജീവിക്കുന്നവന് ദൈവമില്ല" (2 യോ: 9).

തുടരും...

Kundara
2009 June 10 YAKKOOBYAN Reg. No. 2939/76.Postal Regn. KL/QN./271/2008-10



മലങ്കര മല്പാൻ
വന്ദ്യ. ഡോ. കണിയാംപറമ്പിൽ,
കുര്യൻ കോർ എപ്പിസ്കോപ്പായും
കുടുംബവും പരി. പാത്രിയർക്കീസ്
ബാവായോടും ശ്രേഷ്ഠ കാതോലിക്ക
ബാവായോടുമൊപ്പം

**BOOK POST**

To

Sri/Smt. ..................................................................

..................................................................................

..................................................................................

..................................................................................

Printed Matter

If undelivered please return to
Chev. K.J. Abraham Kodiyattu
Managing Editor
Yakkoobyan - Monthlty
Tiruvalla P.O., PTA Dist.,
Kerala, S. India

Printed and published by: S.O.S.S. Printed at Puthethu Offset Printers, Kallissery, Tel: 0479 2426561, Mag. Editor; Chev. K.J. Abraham, Kodiattu, Tel: 0469 2601005, Chief Editor: (Hony) Fr. Koshy P. George. Tel: 0468 2286465, Editor: (Hony). Alexander Karakkad, Tel: 0479 2424177 (R), Mob: 94461 88030 (M) website: www.yakkoobyan.org